


# HYDEL BULLET


Issue - 9, Vol - 12, October 2024

**A Monthly Publication of the Kerala State Elecrictiy Board Engineers' Association**














Thrissur unit -Engineers' day celebration inaugurated by Thrissur District Collector Sri. Arjun Pandian IAS









Thiruvananthapuram unit - Engineers' day celebration inaugurated by
Sri. N. Krishnaswamy(Rtd. Superintending Engineer, PWD) and fairwell given to
Er. Geetha V.S. (former General Secretary & Dy. CE Rtd.)






Ernakulam unit - Engineers' day & Onam celebration

**KSEB Engineers' Association Office Bearers 2023 - 24**

**ASSOCIATION**

**President**
Er G Shaj Kumar

**Vice-Presidents**
Er Viji Prabhakaran (South)
Er Hariprasad M (North)

**General Secretary**
Er M Muhammad Rafi

**Treasurer**
Er Anoop Vijayan

**Organizing Secretaries**
Er Nishanth B (South)
Er Sajithkumar M (North)

**Secretaries**
Er Kunjunni P S (HQ)
Er Induchoodan D R (South)
Er Shameer N (North)

**BENEVOLENT FUND**

**Chairman**
Er Jayasankar K R

**Vice Chairman**
Er Subha T G

**Secretary**
Er Haridas Vijayan

**Treasurer**
Er Pradeep S V

**Joint Secretaries**
Er Anoop A (South)
Er Smruthi M (North)

**EDITORIAL BOARD**

**Chief Editor**
Er Rajesh D S

**Associate Editors**
Er Mahesh T
Er. Sarath Dev
Er Divya Ramadas C
Er Preetha D

**Ex. Officio Members**
Er Induchoodan D R
Er Kunjunni P S

# HYDEL BULLET

(A Monthly Publication of the KSEB Engineers' Association)

Issue - 9 Vol - 12 October 2024

Editorial

## Powering the Future

As the world grapples with the dual challenges of climate change and energy security, Battery Energy Storage Systems (BESS) are emerging as a transformative solution capable of reshaping our energy landscape. These technologies not only enhance the reliability of renewable energy sources but also pave the way for a more sustainable and resilient grid. However, the path to widespread adoption is fraught with challenges that must be addressed to unlock the full potential of battery storage. Battery storage systems serve as a bridge between energy production and consumption, allowing excess energy generated during day hours—especially from solar and wind sources—to be stored for use during periods of peaking demand. This capability is essential as we transition from fossil fuels to renewables. By enabling a more flexible and responsive grid, battery storage enhances energy reliability and mitigates the need for fossil fuel backup generation, ultimately reducing greenhouse gas emissions.

The Solar Energy Corporation of India Limited (SECI) has successfully commissioned India's largest Battery Energy Storage System (BESS) on February 24, 2024, which stores energy using solar energy. The 40 megawatts (MW) / 120MWh BESS with a solar photovoltaic (PV) plant which has an installed capacity of 152.325 megawatt hour (MWh) and

dispatchable capacity of 100MW AC (155.02 MW peak DC) is located in Chhattisgarh.

KSERC Renewable energy and Net metering Regulations 2024 incorporated Energy storage Obligation (ESO) in sub regulation (1) of Regulation 2 and the obligation of the entity to store the energy from RE sources of a target fixed 2% of total consumption for the financial year 2029-30.

KSEBL recently issued order for BESS implementation at various locations at Mylatti, BDPP, RPCKL, Kannur Airport, Angamaly substation, KDPP, Areacode and Pothencode Substations totalling of 205MW of Power generation. From the above locations, only two are connected to major solar parks in Kerala such as RPCKL and CIAL.

Energy storage devices are instrumental in ensuring a consistent and reliable power supply, especially in an era where renewable energy sources are becoming more prevalent. But, before deploying BESS, it requires meticulous planning, a clear understanding of energy needs, and an in-depth assessment of the available energy storage technologies. We urge the management to have focused approach on the primary factors such as Capacity and Scalability, Type of Technology, Cost –effectiveness, efficiency and degradation and integration capabilities should consider before deploying an energy storage system. Also, the site determined for implementing BESS systems is very crucial. It is to be located near to critical loads and the major load centres so that during a power crisis, systems can be maintained as such from the BESS.

Understanding the energy needs is crucial for deciding the Capacity and Scalability. How much power do you need to store, and for how long? Considering the capacity of an energy storage battery is fundamental. Moreover, future expansions might necessitate additional storage. Thus, opting for scalable solutions is wise.

Various types of energy storage devices and solutions are available at market, each with its advantages and drawbacks. Some might be ideal for short-term storage while others are better suited for long-term use. Knowing the specific technology that aligns with KSEBL needs is crucial.

Cost-effectiveness is also a critical for BESS implementation. Budget constraints play a significant role in decision-making. When evaluating different energy storage systems, consider not just the upfront cost but also maintenance, lifespan, and potential energy savings.

The efficiency of a storage device refers to the amount of energy that can be retrieved compared to the energy that was originally stored. Over time, the capacity of storage devices might degrade. Hence, understanding how fast a system's efficiency deteriorates over time is essential.

## CONTENTS

**01** - *Page 6*
*തീജ്വാല*
പെൻഷനൊരു കിഷ്കിന്ധകാണ്ഡം
*Er എൻ.ടി. ജോബ്*

**02** - *Page 9*
Evaluation of KSEBL Tariff Revision Proposal for the period 01-07-2024 to 31-03-2027 based on Legal & Regulatory framework
*Er. C.P. George*

**03** - *Page 16*
പഴയസതീർത്ഥ്യന് *(കവിത)*
*Er* സുരേഷ്കുമാർ

**04** - *Page 18*
*(സുഭാഷിതം)*
നന്മയുടെ ഫലം
*Er* കെ. ശശിധരൻ

**05** - *Page 19*
Rashomon effect
*Er Thomas Kolanjikombil*

**06** - *Page 21*
അനാസ്ഥ ഒരു തുടർക്കഥ - 3
*Er* ഇ.എം. നസീർ

**07** - *Page 23*
*ഓർമ്മച്ചെപ്പ് - 3*
മൂന്നു സബ്സ്റ്റേഷനുകളുടെ കഥ
*Er* കെ.പി. ഗോപാലകൃഷ്ണൻ

**08** - *Page 24*
*ഗാനമാധുരി* **18**
ഗാന്ധിജി ദർശനവും
സമരവും സബർമതിയുടെ സംഗീതവും
*Er പി.വി. പ്രമോദ്*

**09** - *Page 33*
*Energy Briefs - 8*
*Er Subha T.G.*

**10** - *Page 33*
ചിന്ത മുതൽ നിയതി വരെ
*(കവിത)*
*Er* എം. അനിൽ

Another important factor that the energy density (Wh /kg), power density (W/kg) and the cycle efficiency of the BESS is important to consider.

Integrating battery storage into existing energy infrastructure requires significant upgrades to grid systems. This involves not only technological advancements but also regulatory frameworks that support energy trading, demand response initiatives, and distributed generation. Utilities, regulators, and technology providers must collaborate to create a cohesive strategy that ensures smooth integration and maximizes the benefits of battery storage. A modernized grid that can accommodate diverse energy sources and storage solutions is essential for realizing the full potential of our renewable energy future.

We urge management to revisit the technical feasibility of the chosen locations in the Board order. Kerala is perhaps the only state that does not have Deviation Settlement Mechanism forcing owners of large solar plants to set up BESS at their own expense. Hence instead of direct investment by KSEBL, explore the possibility of investments by RPCKL and CIAL authorities and offer promotional rates for peaking support to Grid.

തീജ്വാല

# പെൻഷനൊരു കിഷ്കിന്ധ കാണ്ഡം



**Er എൻ.ടി. ജോബ്**
*ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (റിട്ട.)*
*ntjobthirur@gmail.com*

**രാ**മായണത്തിൽ പ്രതിപാദിക്കുന്ന വാനര രാജ്യമാണല്ലോ കിഷ്കിന്ധ. അത്തരം രാജ്യത്തുള്ള നിയമ പരിപാലാനമെല്ലാം മൃഗീയമായിരിക്കു മെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. അത്തരത്തിലൊരു രാജ്യത്തെ നിയമ പരിപാലനത്തിന്റെ രീതിയിലാണ് കെ.എസ്.ഇ.ബി. യിലെ പെൻഷനെ സംബന്ധിച്ച് സർക്കാരിറക്കിയിരിക്കുന്ന ഉത്തരവ്. 2013 ൽ വിദ്യുച്ഛക്തി ബോർഡിനെ കമ്പനിയാക്കി മാറ്റുന്ന സമയത്ത് കാര്യങ്ങൾ ഭംഗിയായി നടക്കുമെന്ന് ഉറപ്പു നൽകുന്നതിനായി ഒരു കരാർ ഒപ്പിട്ടിട്ടുണ്ടായിരുന്നു. ഒന്നാം കക്ഷി സർക്കാരും രണ്ടാംകക്ഷി കെ.എസ്.ഇ.ബി.യും മൂന്നാംകക്ഷി സംഘടനാ പ്രതിനിധികളും ആയിരുന്നു. മൂന്നു കക്ഷികളുള്ളതുകൊണ്ട് ഇതിനെ പിന്നീട് തൃക്കക്ഷി കരാറെന്നു വിളിച്ചു. എന്നാൽ ഇങ്ങനെ കരാർ ഒപ്പിട്ട കാര്യം സർക്കാർ ഓർക്കുന്നില്ല, അഥവാ ഓർമയിലുണ്ടെങ്കിലും അറിയാത്തപോലെയാണ് പെരുമാറ്റം. ഹൈക്കോടതിയുടെ നിർദ്ദേശമനുസരിച്ച് പെൻഷനെ സംബന്ധിച്ച് സർക്കാർ ഇറക്കിയ ഉത്തരവ് വായിച്ചാൽ അങ്ങനെ മാത്രമേ ബോധ്യമാവുകയുള്ളൂ. ഈ കരാറനുസരിച്ചാണ് കാര്യങ്ങൾ ക്രമപ്രകാരം നടക്കുന്നതിന് വഴികാട്ടികൊണ്ടിരിക്കുന്നത്. ഈ കരാർ അനുസരിച്ച് 2013 ൽ കമ്പനിയാവുന്നതിന് മുമ്പ് സർവീസിലുണ്ടായിരുന്ന ജീവനക്കാർക്ക് നൽകേണ്ടുന്ന പെൻഷൻ എങ്ങനെ നല്കണമെന്നു നിഷ്കർഷിക്കുന്നത് ഈ കരാറിലാണ്. ഈ കരാറിലെ അടിസ്ഥാന പ്രമാണം പെൻഷനു വരുന്ന ബാധ്യത സർക്കാരും കെ.എസ്.ഇ.ബി.യും 35.4 : 64.6 അനുപാതത്തിൽ പെൻഷൻ നൽകുന്നതിനുള്ള മാസ്റ്റർ ട്രസ്റ്റിലേക്കു നല്കണമെന്നാണ്. എത്ര തുക നൽകണമെന്നത് ആക്ചുറിയൻ രീതിയിൽ ബാധ്യത കണക്കാക്കി അതിനനുസരിച്ച് രണ്ടുകൂട്ടരും കൂടി ഫണ്ടിലേക്കു നൽകണമെന്നുമാണ് തൃക്കക്ഷി കരാറിലെ ഇക്കാര്യം വ്യക്തമാക്കുന്ന ഭാഗം താഴെകൊടുക്കുന്നു.

The unfunded liability upto the date of transfer will be borne and shared between the State Government and the Kerala State Electricity Board Ltd. Any addition to the liability of ₹ 7584 Croses will be borne and shared by the State Government and the Kerala State Electricity Board Ltd. in the ratio of 35.4 : 64.6 respectively.

ഇത് തൃകക്ഷികരാറിൽ കക്ഷികളായ മൂന്നു കൂട്ടരും അംഗീകരിച്ച് ഒപ്പിട്ട വകുപ്പുകളിൽ ഒന്നാണ്. എന്നാൽ ഇങ്ങിനെയൊന്നു കണ്ടഭാവം നടിക്കാതെയാണ് സർക്കാർ, പെൻഷനുവേണ്ടി സർക്കാരിൽ നിന്നും ഒന്നും പ്രതീക്ഷിക്കേണ്ട, തരില്ല എന്നും വ്യക്തമാക്കികൊണ്ട് ഉത്തരവ് ഇറക്കിയിരിക്കുന്നത്, ഇത് മനുഷ്യന്മാരുടെ രീതിക്കു ചേർന്നതാണെന്നു തോന്നുന്നില്ല, ഒരു കരാറുണ്ടാക്കിയിട്ട് അതുപാലിക്കേണ്ട സർക്കാർ തന്നെ മുഖം തിരിച്ച് കൊഞ്ഞനം കാണിക്കുമ്പോൾ, ഇത് കിഷ്കിന്ധ രാജ്യമാണോ എന്ന് സംശയം തോന്നുന്നു.

സർക്കാർ ഉത്തരവ് ഇറക്കുവാൻ മിടുക്കു കാണിക്കുമ്പോൾ, ഉത്തരവുകൾ പാലിക്കാതിരിക്കുവാനുള്ള മിടുക്കാണ് കെ.എസ്.ഇ.ബി. കാണിക്കുന്നത്. 2013 ൽ കമ്പനി രൂപീകരണം നടന്നുവെങ്കിലും പെൻഷൻ നൽകേണ്ട മാസ്റ്റർ ട്രസ്റ്റ് 2015 ൽ മാത്രമാണ്. നിലവിൽ വന്നത്. എന്നാൽ ഇതിനുള്ള ഇൻകംടാക്സ് ഇളവ് ലഭിക്കുന്നതിന് പിന്നെയും കാത്തിരിക്കേണ്ടി വന്നു. 2017 ൽ മാത്രമാണ് യഥാർത്ഥത്തിൽ മാസ്റ്റർ ട്രസ്റ്റ് പ്രാവർത്തികമായത്. അതിനു ശേഷം മാത്രമാണ് ട്രസ്റ്റിനു വേണ്ടി കെ.എസ്.ഇ.ബി. കടപ്പത്രം നൽകിയത്. കമ്പനിയാകുന്ന തീയതി, അതായത് 2013 ഒക്ടോബർ 31 വരെയുള്ള പെൻഷൻകാരുടെയും അന്നു സർവീസിലുള്ളവർക്കുള്ള ഭാവി പെൻഷൻ ബാദ്ധ്യതയും കണക്കാക്കി വെച്ചിരുന്നു. ഇത് 12,419 കോടി രൂപയായിരുന്നു. നേരത്തെ പറഞ്ഞ അനുപാത പ്രകാരം ഇതിൽ 8,144 കോടി രൂപയ്ക്കുള്ള കടപ്പത്രം കെ.എസ്.ഇ.ബി. ട്രസ്റ്റിനു നൽകി. സർക്കാർ വിഹിതമായ 3,750 കോടി രൂപ പത്തു തവണകളായി ഇലക്ട്രിസിറ്റി ഡ്യൂട്ടിയിൽ നിന്നും എടുത്തുകൊള്ളുവാൻ അനുവാദവും നൽകി. ഇതിന്റെ പലിശയും തിരിച്ചടവും കൂടി 5861 കോടി രൂപ സർക്കാർ നൽകുകയും ചെയ്തു. 2017 വരെ മാസ്റ്റർ ട്രസ്റ്റ് പ്രാവർത്തികമാവാത്തതുകൊണ്ട് അതുവരെ പെൻഷൻ മുൻപ് നടന്നിരുന്നതുപോലെ റവന്യൂവിൽ നിന്നും നൽകുകയായിരുന്നു. 2017 മുതൽ കെ.എസ്.ഇ.ബി. നൽകിയ കടപ്പത്രത്തിനുള്ള വാർഷിക പലിശ റഗുലേറ്ററി കമ്മീഷൻ താരിഫ് ഓർഡർ വഴി ഉത്തരവ് നൽകിയിരുന്നു. എന്നാൽ ഈ ഉത്തരവ് കെ.എസ്.ഇ.ബി. പാലിക്കാതെ പെൻഷൻ വരുന്ന ചെലവു മാത്രം ട്രസ്റ്റിലേക്കു നൽകികൊണ്ടിരുന്നു. അതുകൊണ്ട് പെൻഷൻ കൊടുത്തു കഴിഞ്ഞപ്പോൾ ട്രസ്റ്റിൽ ഒന്നും മിച്ചംവരാത്ത അവസ്ഥയായി. തൃകക്ഷി കരാറിൽ കൃത്യമായി പറഞ്ഞിട്ടുണ്ട്, കടപ്പത്രത്തിന്റെ പലിശയും തിരിച്ചടവിനും പുറമെ ഓരോ വർഷത്തെ പെൻഷനുവരുന്ന ചെലവ് കെ.എസ്.ഇ.ബി. ട്രസ്റ്റിലേക്കു നൽകണമെന്ന്. അപ്രകാരം ചെയ്യാതെ പെൻഷനു വരുന്ന ചെലവു മാത്രം ട്രസ്റ്റിലേക്കു നൽകി; കടപ്പത്രത്തിലുള്ള പലിശയും തിരച്ചടവും ട്രസ്റ്റിലേക്കു നൽകിയില്ല. കരാർ പ്രകാരം കെ.എസ്.ഇ.ബി. ട്രസ്റ്റിലേക്കു സർക്കാരിൽ നിന്നും ലഭിച്ച 5,861 കോടി രൂപയും 2017 മുതൽ ഇതുവരെയുള്ള തിരിച്ചടവു തുകയായ 2807 കോടിരൂപയും കടപ്പത്രത്തിന്റെ പലിശയിനത്തിൽ താരിഫ് ഓർഡർ വഴി ലഭിച്ച 4845 കോടി രൂപയും ഉൾപ്പെടെ 13,513 കോടി രൂപ മാസ്റ്റർ ട്രസ്റ്റിൽ മിച്ചം വരേണ്ടതായിരുന്നു. എന്നാൽ കെ.എസ്.ഇ.ബി. ഇതുപാലിക്കാത്തതുകൊണ്ട് ട്രസ്റ്റിലൊന്നും അവശേഷിക്കുന്നില്ല. 2017 വരെയുള്ള പെൻഷൻ സാധാരണ രീതിയിൽ നൽകിയിട്ടുള്ളത് റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച് ഉത്തരവാക്കിയിട്ടുണ്ട്. അതിനു ശേഷമുള്ള കാര്യങ്ങൾക്ക് കമ്മീഷന്റെ താരിഫ് ഓർഡർ വഴി തുകകൾ അനുവദിച്ചെങ്കിലും കെ.എസ്.ഇ.ബി. നൽകിയില്ല. ഇത്രയും തുക ട്രസ്റ്റിൽ അവശേഷിച്ചിരുന്നുവെങ്കിൽ അതിനു ലഭിക്കുമായിരുന്ന പലിശയും കടപ്പത്രത്തിന്റെ തിരിച്ചടവായ 407 കോടി രൂപയും പലിശയിനത്തിൽ ശരാശരി 600 കോടി രൂപയും ലഭ്യമാവുമായിരുന്നു. അത് പെൻഷൻ സുരക്ഷിതമാക്കുമായിരുന്നു.

തൃകക്ഷികരാറിൽ പറഞ്ഞിരുന്നതുപോലെ കാലാകാലങ്ങളിൽ ഉണ്ടാകുന്ന പെൻഷൻ തുകയിലെ വർദ്ധനവിന്റെ 35.4% സർക്കാർ വിഹിതമായി നൽകുവാൻ ബാദ്ധ്യസ്ഥമാണ്. അതാണ് ഇപ്പോൾ നൽകുവാൻ മനസ്സില്ല എന്ന് സർക്കാർ ഉത്തരവ് ഇറക്കിയിരിക്കുന്നത്; മുഴുവൻ ബാദ്ധ്യതയും കെ.എസ്.ഇ.ബി. വഹിക്കണമെന്നും ഉത്തരവാക്കിയിട്ടുണ്ട്. മുഴുവൻ ബാധ്യത താരിഫ് പെറ്റീഷനിൽകൂടി ലഭ്യമാക്കുമ്പോൾ, അത് ഉപഭോക്താക്കൾ ഇടയുന്നതിന് കാരണമാകുകയും ചെയ്യും.

കമ്പനിയാകുന്ന സമയത്ത് ജീവനക്കാരുടെ എതിർപ്പ് മറികടക്കുന്നതിനു മാത്രമാണ് ഈ വകുപ്പുകൾ തൃകക്ഷി കരാറിൽ

എഴുതി ചേർത്തതെന്നുവേണം മനസ്സിലാക്കുവാൻ. പാലം കടന്നപ്പോൾ ചിന്താഗതിയും പ്രതികരണങ്ങളും മാറിപ്പോയി. ഇപ്പോൾ പെൻഷൻ ബാധ്യത സർക്കാരിനല്ല എന്ന് കട്ടായം പറഞ്ഞിരിക്കുകയാണ്. ഇത് തൃകക്ഷി കരാറിന്റെ ലംഘനമാണെന്ന് അരിയാഹാരം കഴിക്കുന്നവർക്കെല്ലാം അറിയാം. എന്നാൽ തൃകക്ഷി കരാറിൽ ഒപ്പിട്ട കക്ഷികളെല്ലാം മൗനത്തിലാണ്. എന്ത് കരാർ, ഏതു കരാർ എന്ന രീതിയിലാണ് പ്രതികരണങ്ങൾ വരുന്നത്. കരാർ ലംഘനം നടത്തുമ്പോൾ ഒരു ജനാധിപത്യ രാജ്യത്ത് ജുഡീഷ്യറിയെ സമീപിക്കുക മാത്രമെ മാർഗമുള്ളു. പെൻഷൻകാർക്ക് പണിമുടക്കുവാൻ വകുപ്പില്ലാത്തതുകൊണ്ട് സർക്കാരും സന്തോഷത്തിലാണ്. സർവ്വീസിലുള്ളവരുടെ സംഘടനകളൊന്നും ഇക്കാര്യം ഏറ്റെടുത്ത് മുന്നോട്ടുവരുന്നുമില്ല എന്ന പ്രയാസമാണ് പെൻഷൻകാർ നേരിടുന്നത്. ഇന്നു നീ നാളെ ഞാൻ എന്ന രീതിയിൽ സർവ്വീസിലുള്ളവരും പെൻഷകാരായിമാറുമെന്ന സത്യം സർവ്വീസിലുള്ളവർ ഓർക്കേണ്ടതാണ്.

കമ്പനിയാകുന്ന സമയത്ത് വെച്ച തൃകക്ഷികരാറിലെ വ്യവസ്ഥകൾ മാറ്റണമെങ്കിൽ മൂന്നു കക്ഷികളും ചേർന്നെടുക്കുന്ന തീരുമാനമായിരിക്കണം. കരാർ ഒപ്പിട്ടതിനു ശേഷം അത്തരത്തിലൊരു സമീപനം സർക്കാർ സ്വീകരിച്ചിട്ടില്ല. 2015ൽ തൃകക്ഷി കരാറടിസ്ഥാനമായ ട്രാൻസ്ഫർ സ്കീം സർക്കാർ ഏകപക്ഷീയമായി ഭേദഗതി വരുത്തി ഉത്തരവാക്കിയിരുന്നുവെന്നാണ് സർക്കാർ പറയുന്നത്. ഒരു കരാർ ഒപ്പിട്ടതിനുശേഷം ആ കരാറിലെ വ്യവസ്ഥകൾ മാറ്റണമെങ്കിൽ നിയമപരമായ നടപടികൾ എടുത്താൽ മാത്രമെ സാധിക്കുകയുള്ളു എന്നറിയാത്തവരല്ല സർക്കാരിലെ ഉദ്യോഗസ്ഥർ. കാര്യമായ എതിർപ്പുകൾ വന്നില്ലെങ്കിൽ പെൻഷന്റെ കാര്യത്തിൽ നിന്നും തലയൂരാമെന്നാണ് സർക്കാർ ചിന്തിക്കുന്നതെന്നു വ്യക്തം.

ഇത് തിരിച്ചാണെങ്കിൽ സർക്കാർ സമ്മതിക്കുമോ, സർക്കാർ വിഹിതം കൂട്ടിക്കൊണ്ട് ബാക്കി രണ്ടു കക്ഷികളും ചേർന്ന് തീരുമാനിച്ചാൽ സർക്കാർ അംഗീകരിക്കുമോ.

ബി.എസ്.എൻ.എൽ. കമ്പനിയാക്കിയപ്പോൾ എല്ലാ പെൻഷൻ ബാധ്യതയും കേന്ദ്രസർക്കാർ ഏറ്റെടുക്കുകയാണ് ചെയ്തത്. നിലവിലുള്ള സംവിധാനം മാറ്റുമ്പോൾ കമ്പനിയുടെ ഉടമസ്ഥതയുള്ള സർക്കാരാണ് ഏറ്റെടുക്കേണ്ടത്. അതല്ലാതെ ഉപഭോക്താക്കളുടെ തലയിൽ കെട്ടിവെച്ച് രക്ഷപ്പെടുകയല്ല വേണ്ടത്.

പാർലമെന്റിൽ വൈദ്യുതി നിയമത്തിന്റെ ഭേദഗതി പാസ്സാക്കുവാൻ വേണ്ടി കാത്തുനിൽക്കുകയാണെന്നകാര്യംകൂടി കൂട്ടിച്ചേർക്കുമ്പോൾ എല്ലാം പൂർത്തിയായി. ഒരു മാസം പെൻഷനുവരുന്ന ചെലവ് 143 കോടി രൂപയാണ്, പ്രതിവർഷം 1700 കോടി രൂപ. പുതിയ നിയമഭേദഗതി വന്നാൽ വിതരണമേഖലയിൽ പല ഏജൻസികളും കടന്നുവരാം. അങ്ങനെ കടന്നുവരുമ്പോൾ ബിസിനസ്സിന്റെ അളവ് കുറയുകയും വരുമാനം കുറയുകയും ചെയ്യും. ഒരു വർഷം 3000 കോടി യൂണിറ്റാണ് വിതരണം ചെയ്യുന്നത്. പല ഏജൻസികൾ വന്ന് ഇത് വീതം വെക്കുമ്പോൾ കെ.എസ്.ഇ.ബി.ക്കു വൈദ്യുതി ശൃംഖലയുടെ പരിപാലനം മാത്രമായി അവശേഷിച്ചേക്കാം. ഇതിനുവേണ്ടി മറ്റുള്ളവർ വൈദ്യുതി ശൃംഖല ഉപയോഗിക്കുന്നതിനുള്ള വീലിംഗ് ചാർജ് മാത്രമാണ് പരിപാലന ഏജൻസികൾക്കു ലഭിക്കുക. 3000 കോടി യൂണിറ്റ് ഇത്തരത്തിൽ വിതരണം ചെയ്യുമ്പോൾ ഒരു യൂണിറ്റിന് അമ്പതു പൈസ വീലിംഗ് ചാർജായി ലഭിക്കുകയാണെങ്കിൽ ആകെ വരുമാനം 1500 കോടി രൂപ മാത്രമായി ചുരുങ്ങുമെന്ന വരുംകാല സത്യത്തെ പേടിപ്പിച്ച് ഓടിക്കുവാൻ സാധിക്കുകയില്ലല്ലോ. അങ്ങനെയുള്ള ഘട്ടത്തിൽ സർക്കാർ വിഹിതമില്ലാതെ പെൻഷൻ നൽകുവാൻ സാധിക്കില്ല എന്ന യാഥാർത്ഥ്യം നമ്മുടെ മുന്നിലേക്കു നടന്നടുക്കുന്നുണ്ട്.

# Evaluation of KSEBL Tariff Revision Proposal for the period 01-07-2024 TO 31-03-2027 based on Legal & Regulatory framework



*Er. C.P. George*
*Deputy Chief Engineer (Rtd.)*

## Legal Frame work

According to Section 45(3) of EA 2003, the charges for electricity supplied by a distribution licensee may include

(a) a fixed charge in addition to the charge for the actual electricity supplied.

(b) a rent or other charges in respect of any electric meter or electrical plant provided by the distribution licensee.

According to Section 61 of EA 2003, the Appropriate Commission shall, subject to the provisions of this Act, specify the terms and conditions for the determination of tariff, and in doing so, shall be guided by the following, namely: -

(b) the generation, transmission, distribution and supply of electricity are conducted on commercial principles

(d) safeguarding of consumers' interest and at the same time, recovery of the cost of electricity in a reasonable manner.

(g) that the tariff progressively reflects the cost of supply of electricity and also, reduces cross- subsidies in the manner specified by the Appropriate Commission

According to Section 62(3) of EA 2003, the Appropriate Commission shall not, while determining the tariff under this Act, show undue preference to any consumer of electricity but may differentiate according to the consumer's load factor, power factor, voltage, total consumption of electricity during any specified period or the time at which the supply is required or the geographical position of any area, the nature of supply and the purpose for which the supply is required.

## The Framework for Retail Tariff

In order to make the distribution segment efficient and solvent the Regulatory Commissions need to strike the right balance between the requirements of the commercial viability of distribution licensees and consumer interests.

The guideline provided include

1. Actual level of retail sales should be grossed up by normative level of T&D losses for allowing power purchase cost subject to justifiable power purchase mix variation and fuel surcharge adjustments.
2. Area-wise identification of AT&C loss and Imposing area/locality specific surcharge for greater AT&C loss levels after third party verification of energy audit to generate local consensus for effective action for better governance
3. Metering at various stages and voltage levels, segregation of techni-

cal loss and appropriate investment decisions for reduction of the technical losses.

4. Tariff Subsidy shall be allowed only according to Section 65 of EA 2003 and State Commissions should ensure compliance of this provision of law to ensure financial viability of the utilities. To ensure implementation of the provision of the law, the State Commission should determine the tariff initially, without considering the subsidy commitment by the State Government and subsidised tariff shall be arrived at thereafter considering the subsidy by the State Government for the respective categories of consumers. As a substitute of cross subsidies, the State Government has the option of raising resources through mechanism of electricity duty and giving direct subsidies to only needy consumers.

5. Commission shall specify an appropriate price adjustment formula for recovery of the costs, arising on account of the variation in the price of fuel, power purchase etc. on monthly/quarterly basis for recovery of all prudent costs of the generating company and the licensee.

**Tariff design recommendations: Linkage of tariffs to cost of service**

In Tariff design, appropriate Commission shall be guided by the objective that the tariff progressively reflects the efficient and prudent cost of supply of electricity. Accordingly, the following principles would be adopted:

- Tariffs for Consumers below poverty line who consumes below a specified level will be charged at least 50% of the average cost of supply.
- For achieving the objective that the tariff progressively reflects the cost of supply of electricity, the Appropriate Commission would notify a roadmap such that tariffs are brought within ±20% of the average cost of supply.
- The subsidized rates of electricity should be permitted only up to a pre-identified level of consumption beyond which tariffs reflecting efficient cost of service should be charged from consumers.
- Use of smart meters may be encouraged as a cost-effective option for metering in cases of "limited use consumers" who are eligible for subsidized electricity. Smart meters have the advantages of remote metering and billing, implementation of peak and off-peak tariff and demand side management through demand control and response. These has become essential for load-generation balancing due to increasing penetration of intermittent type of generation like wind and solar power. Regulatory Commission shall, therefore, ensure implementation of AMI & Smart Meter project, mandate smart meters for all type of Consumers in tune with the Metering regulation of CEA, BEE Regulation for Energy accounting and auditing for distribution company and the relevant directives issued by GoI. Further, two-way smart meters shall be provided to all prosumers, who also sell back electricity to the grid as and when they require.

## KSEBL Tariff Structure

If we evaluate the present tariff structure of KSEBL issued by KSERC against the legal framework, the regulatory frame or the guidelines issued; the entire tariff structure is to be revamped to reflect the progressive cost of electricity delivered to the consumer. The presnet structure does not reflect the prudent cost nor following the guidelines specified through the regulatory frame. Instead of following the legal framework or guidelines specified in tariff policy or the guidelines issued by government of India, the present tariff structure seems as guided by petty political motives, and vested interests. Only the people in KSERC who framed the tariff structure only knows true rational behind the tariff structure in Kerala. Instead of building the tariff structure on commercial principles, tariff policy, National Electricity Plan, natural justice and prudent cost of electricity with consumer's load factor, power factor; KSERC have developed it on political beliefs, whims and fancies of pressure groups, and their skewed vision. Instead of rationalising the tariff, KSERC have made the tariff structure complicated with more than 33 classifications which include 17 LT, 8 HT, 5 EHT, 2 traction and another one for Licensee bulk sale. As such, instead of working as a quasi-judicial body as envisaged in the electricity act, they are acting as a branch of the ruling political system in the state and fixing electricity tariff violating the regulatory freedom mandated them. This has created wrong impression in public mind about the role of KSERC in determing tariff for retail sale of electricity and ended up in huge public turnout during the recent public hearing for KSEBL tariff petition.

## Multi Year Tariff (MYT)

Paragraph 5.11 (h) of the National Tariff Policy, which deals with MYT tariff, states that, "Once the revenue requirements are established at the beginning of the control period, the Regulatory Commission should focus on regulation of outputs and not the input cost elements. At the end of the control period, a comprehensive review of performance may be undertaken." Any proposal in the tariff petition from KSEBL is supposed to comply with these mandatory requirements specified. As such, the legality of some tariff proposals made in the document submitted by KSEBL seems to be not in tune with MYT principles.

## Fixed Charge

- KSEB's suggestion to check the connected load of all three-phase domestic consumers (Chapter 10 of the petition) and charge the Fixed Charge based on connected load is an impractical proposal. The massive premise inspection may lead to interfering with the privacy of the consumer and may lead to create unnecessary tension between the consumer and inspecting staff, which is not recommended. Actually, the domestic consumers are not utilizing all the equipment simultaneously and not loading the network in proportion

to the connected loads installed by them in their homes. So, there is no point in discouraging domestic consumers from installing domestic appliances in tune with the market trends that in turn can affect the market economy. Instead, the monthly maximum demand registered in the meter may be considered for assessing fixed charge.

- The FC is based on the actual maximum KW demand for all industrial and other major consumers, which is in tune with the tariff principles and practically correct. FC should be charged based on the KW demand one imposes on the network. Modern digital meters are capable of recording the actual KW/kVA demand, maximum demand and many other billing parameters of the consumer for the billing period. Relaying the old ways of billing based on connected load is not recommended toady as we have meters which measures and records billing parameters that truly reflects the actual cost of electricity in tune with the spirit of Electricity Act 2003 & National Tariff Policy.
- For prosumers, only that quantum of electricity which is equal to "import - export" can be considered as consumption. The energy exported, banked and wheeled back is part of self-generation, and cannot be added to the quantity of electricity which is imported by the prosumer (as a consumer) from the licensee's procured energy. Hence, if consumption-based FC is continued, only "Import - Export" is to be considered (excluding direct consumption from solar plants). The wheeling charges & banking charges may be considered/ exempted in tune with the KSERC (RE & Net-meter) regulation, 2020 in relevant cases. The fixed charge based on total generation/total import, which is followed by KSEBL now, have ended up in duplication of charges and is against the spirit of the tariff principles, policies and tariff regulation. Charging of Fixed Charge based on total generation and total import without considering the export of electricity by the prosumer is misinterpretation of tariff principles and violation of the provisions specified in KSERC (RE & Net-meter) regulation, 2020.

**Wheeling Charge**

**KSERC (Renewable Energy & Net Metering) Regulations, 2020**

17(5) The prosumer has to bear the applicable wheeling charges, and distribution losses, as approved by the Commission from ;me to ;me for the quantum of excess renewable energy wheeled from one of his premises to another premise.

17(6) The electricity generated by a prosumer using the renewable energy system installed in hispremises and wheeled to another premise under this Regula;ons, shall be exempted from

payment of cross subsidy surcharges.

21(6) The prosumer is exempted from the payment of transmission charges, wheeling charges, cross subsidy surcharges for the electricity generated and consumed at the same premises from the renewable energy system under net metering facility.

- As wheeling charges relevant to prosumers are specified in the above quoted regulations; the proposal in petition shall fall in conflict with the regulations in force, if same is made applicable to the prosumers. Hence, the proposals which conflicts with the regulation cannot be made applicable and the regulation need to be amended for implementing the proposal for prosumer category.
- When we have no separate transmission charges for different transmission voltages (from 400kV to 66kV) in the transmission system, the proposal for separate wheeling charges for LT & HT in distribution system without correct basic data to support the proposals seems to burden the solar prosumers who are greatly contributing to the cause of the Kerala Grid by not burdening the networks and meeting their demand from self- generation. Moreover, they are contributing to the Kerala grid with their excess generation at the cheapest rate which in turn benefits KSEBL from transmission charges, transmission losses at interstate and intra-state level in addition to the cost benefits in terms of electricity rates. The "wheeling" of electricity at LT level through the LT line within a transformer area at the proposed rate of Rs.2.45 (Refer table 7.2 of the petition) is just a joke when we compare the interstate and intra state transmission charges for Open access covering thousands of kilometres. As such, the wheeling charge for distribution network need to be based on actual requirement of capital investment cost, O&M charges based on normative values and other charges involved in maintaining the respective network and not on the assumed charges based on the whim and fancies.

We have GoI Electricity (Promoting Renewable Energy Through Green Energy Open Access) Rules, 2022 and rule 12 of the document mandate model regulation methodology for calculating open access charges and wheeling charges. The FOR (Forum of Regulators) haspublished the same by April 2023. Accordingly Wheeling Charge = Wheeling ARR /Energy wheeled during the year. When we have no LT wheeling incorporated in the MYT approval, the proposal for LT wheeling charge is not in tune with the MYT tariff principles.

**Summer Tariff**

Any proposal in the tariff petition from KSEBL is supposed to comply with the mandatory requirements specified in MYT tariff principles. But it is observed

that, the summer tariff proposal by KSEBL amid a control period (FY 2022 23 to 2026-27) is not in tune with the spirits of these mandatory requirements. Moreover, I find no proper benchmark or normative performance analysis has done and no evaluation of real data has been furnished in the petition to support the proposal of the "Summer Tariff". Kindly note that, it is an entirely a new scheme and new concept proposed by KSEBL for introducing it in the tariff structure. It is observed that it has been done without careful study and evaluation. In my opinion, such premature changes in the tariff structure shall complicate the tariff system and reduce its transparency. Instead of rationalising the tariff structure as envisaged in the Electricity Act 2003, same shall make it complicated and may fail to achieve any desirable change. To my understanding no other states in India implemented a summer tariff. Severity of summer is much worse than Kerala in majority of Indian states. Rationale behind only KSEBL proposing summer tariff in Kerala is unjustified.

While evaluating the tariff income during the summer, it is noticed that the per unit realisation of the revenue during the summer is much higher than other seasons due to the high level of consumption and the telescopic tariff structure implemented for the domestic consumer of and below 250 units per month. As per the trued-up order of KSERC for FY 2022-23 nearly 68% of the total consumption accounts for the consumption from LT-domestic and LT VI & LT VII (non-domestic) which are season dependent and temperature dependent. Kindly note that as per the trued-up data, nearly 50% of the electricity in Kerala network is consumed by domestic consumers and their major loads (the fan, the AC, the water pumping etc.) are temperature dependent. Which means high consumption during summer season. High consumption in summer shall leads to higher telescopic slabs in the tariff structure which in turns increase the per unit revenue at a rate much higher than the normal rate during other seasons. Moreover, there no extra infrastructure cost or employee cost or other fixed charges involved in handling the excess energy requirement during summer. As such, the only extra cost involved is the variable charge involved in the additional procurement of electricity.

Like any other industry, handling higher volume of electricity must makes the business operations more viable and profitable in electricity industry also. On evaluation of the system operation data, it is noted that the operational load factor of Kerala system during summer is in a better state. Moreover, the need for surrender of procured electricity through LTA or from Central Generating Stations are less due to higher load factor and better demand throughout a day in summer. This in turn saves the payment of fixed charges without availing the agreed quantum of electricity. Kindly note

that the surrender of electricity during lean demand months accounts for thousands of million units in many years and have financial implications to the tunes of hundreds of crores of rupees.

As such, the proposal for summer tariff do not reflect the basic principle of "prudent cost of supply" at the delivery point during the summer season. Instead, it is burdening the consumers who are positively contribution to the efficient operation of the grid with better economic viability. By any financial principles and based on any tariff guidelines, the consumers are eligible for a reduction in tariff during summer season due to the possibility of better per unit rates, if the network is managed efficiently by KSEBL.

I think the attitude of KSEBL to cash on the opportunities available through the sale of higher quantum of electricity with higher demand in the network is the basic issue and hence need correction through appropriate guidance and motivation. The attitude is to find out ways to curtail the demand of electricity in the grid than to plan and design appropriate mechanism to meet the genuine increase in energy demand from the consumers. Kindly not that the increase in electricity demand is due to the compelling requirement of present-day life requirement of a human to lead a decent social life and due to the changed environmental conditions. Instead of looking negatively towards the increase in demand requirement in the network, KSEBL, a company legally working in commercial principles should view it as an opportunity for higher business. KSEBL need to gear-up themselves to do their responsibility of delivering quality electricity to its consumers ensuring reliability and safety with better operational efficiency.

It is observed that KSEBL is lagging far behind in automation, mechanisation and real time data collection, which are very important for the optimal operation of the electricity grid and the distribution network. Kindly note that KSEBL delayed the implementing latest technologies like AMI-smart meter project and loses the targeted timeline specified by GoI, which ensures real time data at various levels of operation. Real time data means optimisation of technical as well as financial performance in electricity sector. Lack real time data management implies less efficiency and delay in right decision at right time, which ends up at very high operational expenses.

KSEBL is burdened with inefficiencies due to philosophical agenda, lack of application of right technology in time and the ill-conceived proposals based on the individual at the helms of affairs.

Such ill-conceived proposals shall end up as incentivising the inefficiencies and wrong operational philosophies. KSEBL may implement AMI & Smart-meter project with priority and submit evaluation reports from the real time data collected through the system without human intervention and share linked reports at specific intervals using analytical tools in tune with GoI guidelines. Their tariff proposal also must accompany with such data evaluation reports to ensure correct decision in the tariff proposals submitted by them.

കവിത

# പഴയ സതീർത്ഥ്യന്




*Er സുരേഷ്കുമാർ*
*എക്സിക്യൂട്ടീവ് എൻജിനീയർ*

**കൊ**ച്ചുമയക്കത്തിലങ്ങിങ്ങവ്യക്തമാ-
മുൾപഥങ്ങളിലൂടെ നഷ്ട-
സ്മൃതികൾതൻ നിഴൽ
സ്ഥലികളിലേകനായലയവേ
ചാരത്തു കണ്ടൊരാ സൗഹൃദത്തണലി-
ലൊരിത്തിരിനേരമെൻപഴയ
സഹചരാ,തവസ്മരണയിൽ
മുങ്ങി ഞാൻ നിന്നുപോയി.
അന്തികത്തെപ്പഴയപള്ളിക്കൂട
മുറ്റത്തേയ്ക്കാക്ഷണം
മമചിത്തം പറന്നുപോയി.
കാലുറയ്ക്കാത്തൊരു ബഞ്ചിൻപുറ-
ത്തൊപ്പംചേർന്നിരുന്നോരോ പാഠങ്ങ-
ളുച്ചത്തിൽ ചൊല്ലിപ്പഠിച്ചതും
കൊച്ചുമാനസങ്ങളിൽ പതിച്ചതും
ഗുരുവല്ലേ?ഗൗരവമൊട്ടുമേ
ചോരാത്ത മട്ടിലരികത്തായ്
കട്ടിക്കണ്ണട ചൂഴ്ന്നുനിൽക്കും
കടുത്തനോട്ടമൊരുകയ്യിൽ പുളയുന്ന
ചൂരൽവടിയൊപ്പം മറുകയ്യി
ലടച്ചുപിടിച്ചൊരു പാഠപുസ്തകം !
കാലം കറയറ്റൊരദ്ധ്യാപകൻ
കണക്കെ, പ്പലവുരുചൊല്ലിപ്പഠിച്ച
പാഠങ്ങളൊക്കെയും പാടെമറന്ന
പഠിതാക്കളായ് നമ്മളും ?
ഇടവേളനേരത്താകളിപ്പറമ്പിലാമോദം
ചങ്ങാതിക്കൂട്ടങ്ങളാർത്തലച്ചെമ്പാടും
കണ്ണുംപൂട്ടിപാഞ്ഞൊരെൻകാൽതട്ടി
നീ താഴെവീണതുമാമുറിവിൽ പൂച്ചെടി
യിലനീരുപിഴിഞ്ഞു ഞാനിറ്റിച്ചതും
നിന്റെ കണങ്കാൽക്ഷതമെന്നിൽ
നീറ്റിയനോവാറ്റി നീ ചേർത്തണച്ചതും
ഉച്ചവിശപ്പിന്റെ നേരത്തു
കൈയിലെ കൊച്ചുപൊതിച്ചോ-
റഴിച്ചതിൽപ്പാതി പങ്കിട്ടതും
കീശയിൽതപ്പി നീ നീട്ടിയ
ചില്ലറത്തുട്ടിനാൽ-
സാഹ്ലാദം വാങ്ങിയനാരങ്ങാമിഠായി
നൊട്ടിനുണഞ്ഞപ്പോളെന്തൊരുമധുര-
മതിലേറെയിനിക്കുന്നു നേർചങ്ങാത്തം.
മദ്ധ്യാഹ്നശേഷമുച്ചത്തിൽ കൂട്ടമണി
മുഴങ്ങുമ്പോളാവേശഭരിതം നമ്മളും
പള്ളിക്കൂടംവിട്ടു തൻഗേഹം നീളും
മടക്കയാത്രയിലൊട്ടുദൂരമോടിയും
നടന്നും കൂട്ടരോടൊത്തുകളിച്ചും
ചിരിച്ചും തമ്മിൽ കലഹിച്ചുമിട-
യ്ക്കല്പനേരം തണലിലിളവേറ്റും
പിന്നെ തിടുക്കത്തിലെഴുന്നേറ്റാ
വഴിയോരം, കണ്ടനാട്ടുമാഞ്ചില്ലയി
ലായത്തിൽ ചെറുകല്ലെറിഞ്ഞും
കണിശമായ് കൊണ്ടിട്ടോ വാത്സല്യ-
മുള്ളിൽ പെരുത്തിട്ടോ ചോട്ടിൽ
പൊഴിച്ചിട്ട തേൻകനികളാമോദം
നിനക്കൊന്നെനിക്കൊന്നെന്നു
ചൊല്ലിത്തമ്മിൽ പങ്കിട്ടെടുത്തതും
പിന്നെയാ നാട്ടുമാഞ്ചുവട്ടിൽ
നാം പങ്കിട്ടെടുത്തൊരാ ചുന
മണക്കും ബാല്യസ്വപ്നങ്ങളും.
മാസ്മരസൗരഭം ചൂടിയഴകൊടു
വർണ്ണാഭമാംകുലയിട്ടു നിൽക്കും
പറങ്കിമാങ്കൂട്ടവും, വവ്വാലുമണ്ണാറക്കണ്ണനു-
മാവോളമൂറി ബാക്കിവച്ചൊരാ
കശുവണ്ടി ചോട്ടിൽത്തിരഞ്ഞതും,
കിട്ടിയതൊക്കെയും ഭദ്രമായ്
സൂക്ഷിച്ചു തിരികെനടന്നതും,
പുത്തൻപുസ്തകക്കെട്ടും മാറോടടുക്കി

വേഗത്തിൽ നീങ്ങവെയാരുടെ
കുസൃതിയോ, തലയ്ക്കുമീതെ
കൈക്കുടന്നയിൽ നീർകോരി
കുടഞ്ഞപോൽപ്പെട്ടെന്നു ചാറ്റൽമഴ
പൊട്ടിവീണതും, വാഴയിലയാൽ
കുടയൊന്നു നീർത്തതും,
നീ മഴകൊള്ളാതിരിക്കാൻ
ഞാനുമതുപോലെന്നെ നീയും!
തമ്മിൽക്കരുതലോടന്നു നടന്നതും
നമ്മളാകെ നനഞ്ഞൊലിച്ചതും,
ചാലിട്ടൊഴുകിയ കലക്കവെള്ളത്തിൽ
നമുക്കതു ചെറുപുഴയായിരുന്നില്ലേ !
കണ്ണൻതോർത്തൊന്നു വീശി
കുഞ്ഞുപരൽമീൻ തിരഞ്ഞതും,
നോക്കിനിൽക്കുമൊരു കളിത്തോഴിതൻ
കുതൂഹലമിഴികളാ മാനത്തുകണ്ണി
പോൽതെന്നിപ്പിടച്ചതും കണ്ടു
നീയെന്തോ കളിയായ്പ്പറഞ്ഞതും
ഞാൻ കൈകൊട്ടിച്ചിരിച്ചതും,
കുഞ്ഞുദു:ഖങ്ങളെയെല്ലാം
ശമിപ്പിച്ചു പ്രിയബാലകർക്കായ്
സൗഖ്യമരുളാനാവാം
പൊട്ടിപ്പൊളിഞ്ഞമണ്ണതിരിലായ്
തുമ്പു നീ മടക്കിക്കുത്തിയ
കൈതപ്പോളകളും,

ഇനിയുമുണ്ടല്ലോ, നടക്കാൻ നമുക്കേറെ
യെന്നിടയ്ക്കോർമ്മിപ്പിക്കാനോ
മെല്ലെ കുത്തിനോവിച്ചൊരിടവഴി-
യിലെത്രയോ മുനയുള്ള ചരൽക്കല്ലുകൾ!
പിന്നെയും കൂർത്തമുള്ളുകളുള്ളിലൊളിപ്പിച്ചു
നീണ്ടുകിടന്നല്ലോ കണ്ണെത്താദൂരം.
എല്ലാമെല്ലാമന്നത്തെപ്പോലിന്നു
മോർക്കുന്നു ഞാൻ! ഒരുവേള നീയും ?
വേഗമേറുന്നൊരീയതിജീവനയാത്രയിലിട-
യ്ക്കെപ്പൊഴോ വഴിപിരിഞ്ഞുനാം
നിയതിനിയോഗം പതിയെ
മറവിയിൽ പോയങ്ങസ്തമിച്ചു.
വീണ്ടും മറിച്ചൊന്നുനോക്കാനാരും
കൊതിക്കുന്ന
പഴയപുസ്തകത്താളുപോൽ പോയകാലം!
എത്ര മനോഹരമൊപ്പം മിഴിവാർന്നിന്നും
കാണുമ്പോളതേ
ചിത്രങ്ങളുൾച്ചുമരിലെന്നോ
കോറിയിട്ടതാണെങ്കിലുമത്രമേലിഷ്ടം.
നീയുമോർക്കുന്നുണ്ടാകാമെവിടെയാണെങ്കിലും
തോഴാ, കണ്ടുമുട്ടും
നമ്മളെന്നെങ്കിലുമന്നല്പം
മിണ്ടിയിരിക്കാം പണ്ടത്തെപ്പോലെവീണ്ടും
നമുക്കൊട്ടുനേരമെൻ പ്രിയസതീർത്ഥ്യാ!




**A.R. RAGHAVA VARMA** (96)
Cheif Engineer KSEBL (Rtd.)

*"Condolences & prayers for the departed souls."*

## സുഭാഷിതം

# നന്മയുടെ ഫലം



*Er കെ. ശശിധരൻ (റിട്ട.)*
കണ്ണൂർ

നന്മയുടെ ഫലം അത് ചെയ്യുന്നവരെ പിന്തുടർന്നുകൊണ്ടേയിരിക്കും.

ഒരു പാവം പയ്യൻ ദിവസവും രാവിലെ സ്കൂളിൽ പോകുന്നതിനിടയിൽ വീട്ടാവശ്യത്തിനുള്ള ചെറിയ സാധനങ്ങൾ സഞ്ചിയിൽ നിറച്ച് കൊണ്ടുപോകും. ഓരോ വീട്ടിലും കയറി ആവശ്യക്കാർക്ക് സാധനങ്ങൾ വിൽപ്പന നടത്തുക പതിവായിരുന്നു. ഒരു ദിവസം പതിവുപോലെ സാധനങ്ങൾ വിറ്റു കൊണ്ട് സ്കൂളിലേക്ക് പോവുകയായിരുന്നു. അവന് നന്നായി വിശക്കുന്നുണ്ട്; അടുത്തു കാണുന്ന വീട്ടിൽ കയറി ഒരു ഗ്ലാസ് വെള്ളം ആവശ്യപ്പെട്ടു.

പാവത്തിന് നന്നായി വിശക്കുന്നുണ്ടെന്ന് തോന്നുന്നു. (വീട്ടമ്മയുടെ ആത്മഗതം) ഒരു വലിയ ഗ്ലാസ് പാൽ അവർ കൊണ്ടുവന്ന് കൊടുത്തു. വളരെ സന്തോഷത്തോടെ അവൻ സാവകാശം കുടിച്ചു. 'ഇതിന് ഞാൻ എന്താണ് തരേണ്ടത് ?"

'നീ ഒന്നും തരേണ്ട... കാരുണ്യത്തിന് കാശ് വാങ്ങരുതെന്ന് ഞങ്ങളെ അമ്മ പഠിപ്പിച്ചിട്ടുണ്ട്'.

കാലം കടന്നുപോയി...

ഒരു സ്ത്രീ കഠിനമായ അസുഖവുമായി ആശുപത്രിയിലെത്തുന്നു. രോഗിയെ അത്യാഹിത വിഭാഗത്തിൽ കിടത്തി; ഡോക്ടറെ വിളിച്ചു. ഡോക്ടർ രോഗിയുടെ വിലാസം ശ്രദ്ധിച്ചു, സ്ഥലപ്പേരു കണ്ടപ്പോൾ ആകാംക്ഷ.

ഓപ്പറേഷൻ തീയറ്ററിലേക്ക് ഓടി. രോഗിയെ കണ്ടു. ആകാംക്ഷ വേവലാതിയായി...

രോഗിയെ പരിശോധിച്ചു, രോഗം വളരെ ഗുരുതരാവസ്ഥയിലുള്ളതാണ്. ഡോക്ടർ അറിഞ്ഞുകൊണ്ട് പ്രാർത്ഥിച്ചു; ദൈവമേ, രോഗിക്ക് ഒരാപത്തും വരുത്തല്ലേ. സുഖമായി രോഗി എന്റെ മുന്നിൽ നിന്നും വീട്ടിലേക്ക് തിരിച്ചു പോകുന്നത് കാണാൻ എനിക്ക് സാധിക്കുമാറാകണേ...!!

തന്റെ അറിവിന്റെ അവസാനത്തെ ആയുധവും പുറത്തെടുത്ത് ഡോക്ടർ രോഗിയെ രക്ഷപ്പെടുത്താൻ ശ്രമിച്ചു. ദീർഘമായ പോരാട്ടത്തിനൊടുവിൽ വിജയം കൈവരിച്ചു.

ഡോക്ടർ ഓഫീസിലേക്ക് വിളിച്ചു രോഗിയുടെ ബില്ല് കൊടുത്തയക്കാൻ ഏർപ്പാട് ചെയ്തു. ബില്ല് കയ്യിൽ കിട്ടിയ രോഗി അത് തുറക്കാൻ ഭയപ്പെട്ടു. കാരണം ഇത്രയും ഗുരുതരമായ ചികിത്സാ ചെലവിന്റെ ബില്ല് അടയ്ക്കുവാൻ തന്നെക്കൊണ്ടാകുമോ...?

ഒടുവിൽ അവർ ആ ബില്ല് തുറന്നു. അത്ഭുതം കൊണ്ട് കണ്ണ് അടഞ്ഞു. കണ്ണ് തുറന്ന് ഒന്നുകൂടി ബില്ല് നോക്കി.

അതിൽ പെന്നുകൊണ്ട് എഴുതിയ വാക്കുകൾ അവർ വായിച്ചു.

ഒരു ഗ്ലാസ് പാലിനു ഈ ബില്ല് മുഴുവൻ അടച്ചിരിക്കുന്നു.

നന്മയുടെ ഫലം ആ വീട്ടമ്മക്ക് ജീവിച്ചിരിക്കുമ്പോൾ തന്നെ അനുഭവിക്കാൻ സാധിച്ചു...

# RASHOMON EFFECT

*Er Thomas Kolanjikombil*
Maramon.

Rashomon is a popular 1950 Japanese movie directed by Akira Kurosawa. This film won the golden lion at 1951 Venice film festival. In its dramatic story line, a murder is described in four different ways by four non identical witnesses of the crime.

The plot is like this: An outlaw raped/ seduces a woman. Her husband is murdered/suicides. A passers-by has witnessed the incident. All these four persons explains the episode to the police in four different perspectives. The four narratives agree that, the outlaw tied up the husband, sex took place between the woman and the outlaw in front of her husband, and the husband was found dead. But the four narratives do not agree as how these events occurred or who killed the husband. The outlaw contends that consensual sex took place between him and the woman, and he claims to have killed the husband. The woman depicts that she was raped in front of her husband, and claims that because of her disgrace, she killed her husband. The husband in his suicide note claims that, the sexual act began as rape and ended in consent, and that in the shame he killed himself. The passers-by's story agrees husband's account of sex and the bandit's account of the murder. We tend to believe the version of the passers-by, but what actually took place never resolved.

---

എന്നാൽ, നന്മയുടെ ഫലം അത് ചെയ്തവരുടെ കാലശേഷവും ഓർമകളിലൂടെ ജീവിക്കുമെന്ന് ഗാന്ധിജി സാക്ഷ്യപ്പെടുത്തുന്നു.

1948 ജനുവരി 30, പതിവിലും നേരത്തെ ഗാന്ധിജിയുടെ മുറിയിൽ വെളിച്ചം തെളിഞ്ഞു. ചെയ്തു തീർക്കാനുള്ള ജോലിയിൽ വ്യാപ്തനായി. മറുപടി അയക്കേണ്ട കത്തുകളെടുത്തു. അതിൽ, മകൾ മരിച്ച ഒരച്ഛന്റെ എഴുത്തെടുത്ത് മറുപടി എഴുതി...

മകൾ മരിച്ച ദുഃഖവുമായി കഴിയുന്ന ശങ്കർജിക്ക്..., മകൾ സുലോചന കഥാവശേഷയായ കാര്യം അറിഞ്ഞു. മരണത്തിന്റെ മുമ്പിൽ നാം നിസ്സഹായർ. എന്നാൽ, അതോർത്ത് ദുഃഖിക്കുന്നത് വെറുതെ. മരണംമൂലം നമുക്ക് നഷ്ടപ്പെടുന്നത് മരിച്ചവരുടെ ജഡം മാത്രം. ആത്മാവും ചൈതന്യവും നമ്മോടൊപ്പം. നിങ്ങളുടെ മകൾ നിങ്ങൾക്കായി വിട്ടുപോയിരിക്കുന്നത് അവളുടെ നന്മകൾ. നന്മകളെക്കുറിച്ചുള്ള ആ ഓർമ്മ നിങ്ങളുടെ മനസ്സിന് ഉണർവ് നൽകുമാറാകട്ടെ...!

അന്ത്യദിനത്തിൽ ഗാന്ധിജി എഴുതിയ ഈ എഴുത്ത് ഭാരത ജനതയെ നന്മയുടെ പാതയിലേക്ക് നയിക്കാനായിരുന്നില്ലെ.!

അന്ത്യകർമ്മങ്ങൾക്കിടയിൽ ജനങ്ങൾ അന്യോന്യം ചോദിച്ചു. ‘നമ്മെ ഇനി ആരാണ് നയിക്കുക..?

‘നാം ഇപ്പോൾ ആരെയാണോ വധിച്ചത്.. അയാൾ..’ രവീന്ദ്രനാഥ ടാഗോറിന്റെ വാക്കുകൾ..

നന്മ മാത്രം കായ്ക്കുന്ന വന്മരത്തെ നിഷ്കരുണം വെട്ടി നശിപ്പിച്ചു. ഇനി കരഞ്ഞിരുന്നിട്ട് കാര്യമില്ല. ആ നന്മകൾ നാം ഓർത്തുകൊണ്ടേയിരിക്കുക. അവ നമ്മെ നയിക്കുമാറാകട്ടെ.

Rashomon effect (also called Kurosawa effect), refers to a phenomenon where in the same event is interpreted in vastly different ways by different people. It is often used to emphasis the point that people's perspective about an event can differ considerably based on their individual experiences. In the movie Kurosawa do well to make the point that, it is entirely possible that an event may be described in different ways by different witnesses without any of them consciously lying. Rashomon effect has been observed in many fields including medicine, science, art, and in legal and judicial contexts.

When we look at our clinical experience, isn't it that the rashomon effect is our story too. A 40 year gentleman has excruciating pain on his left shoulder and is in deep distress. Within forty eight hours he had met three specialist doctors. He underwent ECG, Echo, MRI of the shoulder and neck bone and a battery of blood tests. His wife hands were overflowing with prescriptions, bills and lab reports. The cardiologist thought it could still be a myocardial ischemia, but all his test reports are normal. To be on the safer side he prescribed some blood thinners, cholesterol medicines and advised him to get an orthopaedic opinion. The orthopaedician being a specialist in keyhole surgery, suggested that it could be a tear in the shoulder tendons and he performed an MRI of the shoulder, which was unequivocal. But he gave him some medicines and referred him to a neurologist, just incase it is a nerve problem. The neurologist advised few tests and MRI of cervical spine. He also gave some medicines including pain killers.

Finally it is concluded that the patient being an IT professional, poor posture has led to muscle strain and pinched nerves. Patient's condition improved with few days rest and home remedies. What we see here is a common health care situation of late. Every specialist see the patient and his symptoms from his specialised narrow perspective. Every clinical notes, investigation and management are tailored to doctor's speciality. Every medical specialist has their own approach towards the patient typically focused on the system in which they are specialised. Upper stomach pain is seen as esophagitis by a gastroenterologist, angina by cardiologist and costochondritis by the orthopaedician. This is what is called rashomon effect in medical field.

With increasing super specialities, the patient is not seen as a whole but an affected organ system. The specialist of organ system falls pray to the rashomon effect and explains the patient's symptoms from his perspective. It is difficult to avoid this in the upcoming future as general practitioners are on the verge of getting extinct now, thanks to the trends of medical education in India.

# അനാസ്ഥ – നമുക്ക് ഒരു തുടർക്കഥ –3



Er ഇ.എം. നസീർ
എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട.)

നമ്മുടെ അനാസ്ഥ കാരണം ചെറുതും വലുതുമായ അപകടങ്ങൾ, കഷ്ടനഷ്ടങ്ങൾ, ബുദ്ധിമുട്ടുകൾ എന്നിവയൊക്കെ നിത്യജീവിതത്തിൽ സംഭവിച്ചു വരുന്നു. ഏറെ പ്രയോജനം ലഭിക്കുന്ന ചെറിയ കാര്യങ്ങൾ ചെയ്യാവുന്നതേയുള്ളുവെങ്കിലും നാം അത് ചെയ്യാറില്ല. നാട് ഒരു നാഥനില്ലാക്കളരിയായി മാറിപ്പോയി. ശ്രദ്ധയെത്തേണ്ട ചില മേഖലകളിലേക്ക് വിരൽചൂണ്ടുകയാണ് ഈ ലേഖനത്തിലൂടെ .

മണ്ണിടിച്ചിലിനും, ഉരുൾപൊട്ടലിനും തുടർന്നുള്ള ദുരന്തങ്ങൾക്കും സാദ്ധ്യതയുള്ള ഒട്ടനവധി പ്രദേശങ്ങൾ നമ്മുടെ കേരളത്തിലുണ്ട്. ഹൈറേഞ്ച് പ്രദേശങ്ങൾ, മലയോര റോഡുകൾ, റെയിൽപാതകൾ അങ്ങനെ പലതും. ഇവിടെയൊക്കെ മണ്ണിടിച്ചിലും ഗതാഗത തടസ്സവും ഉണ്ടാവുക പതിവാണെങ്കിലും ദുരന്തത്തിൽ കലാശിക്കാത്തതിനാൽ ഈ പ്രശ്നത്തെ ബന്ധപ്പെട്ടവർ ഗൗരവമായി കാണാറില്ല.

പ്രസിദ്ധ വിനോദസഞ്ചാര കേന്ദ്രമായ വർക്കല ക്ലിഫിൽ ഇടയ്ക്കിടെ മണ്ണിടിച്ചിൽ സംഭവിക്കാറുണ്ട്. കാര്യങ്ങൾ കൈവിട്ടു പോകും വരെ കാത്തിരിക്കുന്നത് ബുദ്ധിയല്ല.

അടുത്തകാലത്ത് തിരുവനന്തപുരത്ത് പോത്തൻകോടുള്ള മടവൂർപാറയെന്ന KTDC യുടെ വിനോദസഞ്ചാര കേന്ദ്രത്തിൽ പോകാനിടയായി. അവിടെയുള്ള വലിയ പാറമലയിൽ കറയറണമെങ്കിൽ അതിന്റെ അടിവാരത്തിൽ കെട്ടിയിട്ടുള്ള ഒരു കയറിൽ പിടിച്ചുതൂങ്ങി മുകളിലേക്ക് പോകണം. സാഹസിക വിനോദ മെന്ന നിലയിലുള്ള സംവിധാനമാണത്. കാലപ്പഴക്കം കൊണ്ടും വെയിലും മഴയുമേറ്റും ദ്രവിച്ച് പൊട്ടാറായ സ്ഥിതിയിലായിരുന്നു ആ പ്ലാസ്റ്റിക് വടം അപ്പോൾ. ബദൽ സംവിധാന മില്ലാത്തതിനാൽ ഒരു ആവേശത്തിൽ വാർദ്ധക്യം ബാധിച്ചു തുടങ്ങിയവരും സ്ത്രീകളും കുട്ടികളും ഈ വടത്തിൽ പിടിച്ചു തൂങ്ങി മുകളിലേക്ക് പോവുകയാണ് പതിവ്. ഈ കേന്ദ്രത്തിന്റെ നടത്തിപ്പിനും മറ്റു പലതട്ടുകളിലായി മുടക്കമില്ലാതെ ശമ്പളം പറ്റുന്ന ഉദ്യോഗസ്ഥരുണ്ട്. ഏതെങ്കിലും തരത്തിലുള്ള അപകടമുണ്ടായാൽ ഏറ്റവും താഴെ തട്ടിലുള്ള ഉദ്യോഗസ്ഥന്റെ മുകളിൽ ഉത്തരവാദിത്വം കെട്ടിവച്ച് യഥാർത്ഥ ഉത്തരവാദികൾ തടിയൂരും. കയറിനു ബദലായി ചവിട്ടുപടികൾ കൂടി നിർമ്മിച്ച് നിസ്സാരമാക്കി തീർക്കാവുന്ന പ്രശ്നമേയുള്ളൂ.

നമ്മുടെ വൈദ്യുതലൈനുകൾ, ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ തുടങ്ങിയവയിൽ പലതിനും സുരക്ഷാ സംവിധാനങ്ങൾ വളരെക്കുറവാണ്. വൈദ്യുതി ലൈനുകളും കേബിൾ TV വയറുകളും പലയിടത്തും അപകടകരമായ വിധം താഴ്ത്താണ് കിടക്കുന്നത്. ഇക്കാര്യത്തിൽ നാം അയൽ സംസ്ഥാനങ്ങളെ കണ്ടുപഠിക്കേണ്ടിയിരിക്കുന്നു.

സാങ്കേതികത്തകരാറുകൾ മൂലം യാത്രയ്ക്ക് തൊട്ടുമുമ്പ് വിമാന സർവ്വീസുകൾ

റദ്ദാക്കുന്നത് നമ്മുടെ സർക്കാർ വിമാനക്കമ്പനിയുടെ പതിവുപരിപാടിയാണ്. വിമാനം പറന്നുയർന്ന ശേഷമാണ് സാങ്കേതിക തകരാർ ഉണ്ടാകുന്ന തെങ്കിലുള്ള കാര്യം ചിന്തിക്കാൻ പോലും കഴിയാത്തതാണ്.

റോഡുവികസനത്തിന്റെ പേരിൽ ബദൽ സംവിധാനങ്ങളും സുരക്ഷാ സംവിധാനങ്ങളും ഒരുക്കാതെ റോഡുകൾ വെട്ടിക്കുഴിച്ച് താറുമാറാക്കുന്നതും നമ്മുടെ നാട്ടിൽ പതിവു കാര്യമാണല്ലോ.

റോഡുകളിലെ കുണ്ടുംകുഴിയും സമയോചിതമായി നികത്താത്തതിനാൽ വാഹനയാത്രികരുടെ നടുവൊടിയുന്ന സാഹചര്യമാണുള്ളത്. ഒപ്പം ഇന്ധന നഷ്ടവും പരിസര മലിനീകരണവും. ചെറുകുഴികൾ വൻഗർത്തങ്ങളാകും വരെ കാത്തിരിക്കുന്നത് ഏത് ടെക്നോളജി പ്രകാരമാണെന്ന് ആർക്കും നിശ്ചയമില്ല.

വാഹനങ്ങൾക്ക് തടസ്സം സൃഷ്ടിക്കും വിധം റോഡുവക്കിലും സമീപ പുരയിടങ്ങളിലുമുള്ള വൃക്ഷശിഖരങ്ങൾ വെട്ടിയൊതുക്കുന്ന കാര്യത്തിലും ആർക്കും താൽപര്യമില്ല.

സീബ്രാ ലൈനുകളിൽ കാൽനടയാത്രക്കാർക്കായി വാഹനങ്ങൾ നിറുത്തിക്കൊടുക്കുന്നത് വാഹനമോടിക്കുന്നവർക്ക് വലിയ കുറച്ചിലാണ്. അധികൃതരുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു.

റോഡുകളിൽ സൂചനാ ബോർഡുകൾ മറയ്ക്കുംവിധവും അവയുടെ പ്രാധാന്യം കുറയുംവിധവും പരസ്യബോർഡുകൾ സ്ഥാപിക്കുന്നത് കോടതി വിലക്കിയിട്ടും പലരും അനുസരിക്കുന്നില്ല. ഗതാഗത തടസ്സം സൃഷ്ടിച്ചുകൊണ്ടുള്ള മത-രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പ്രകടനങ്ങളും പൊതുയോഗങ്ങളും നിരോധിക്കാൻ ആരും തയാറാകുന്നില്ല.

ബസ്സുകളിലെ ഫുഡ്ബോർഡ്കളുടെ നിർമ്മാണം പലനിലവാരത്തിലാണ്. സുഗമമായി കയറാനും ഇറങ്ങാനും പാകത്തിലല്ലാത്തതിനാൽ പലപ്പോഴും യാത്രക്കാർ താഴെ വീഴാനിടയാകുന്നു. ഇത് ജീവഹാനിവരെയുള്ള അപകടങ്ങൾക്കിടവരുത്തുന്നു. ഇതുപോലെ എത്രയോ ഉദാഹരണങ്ങൾ നമുക്ക് പറയാനാകും.

അപകടങ്ങളിലേക്ക് നയിക്കുന്ന മേൽ സൂചിപ്പിച്ച കാര്യങ്ങൾക്ക് പരിഹാരം ഉണ്ടാകണമെങ്കിൽ ഭരണാധികാരികളും ഉദ്യോഗസ്ഥരും ഒരേ മനസ്സോടെയും ലക്ഷ്യബോധത്തോടെയും, ദീർഘവീക്ഷണത്തോടെയും യോജിച്ച് പ്രവർത്തിച്ചേ മതിയാവൂ.

*(തുടരും)*

**SCAN to download previous editions of Hydel bullet**

The Chief Editor
**Hydel Bullet**
KSEB Engineers' Association,
Panavila
Thiruvananthapuram - 695001
Phone : 0471 - 2330696
hydelbulletin@gmail.com
**Mob : 7012117197, 9495600714**

ഓർമ്മച്ചെപ്പ്

# മൂന്നു സബ്സ്റ്റേഷനുകളുടെ കഥ - 3



## 66 കെ.വി. സബ്സ്റ്റേഷൻ, പുത്തൻകുരിശ്

*Er. കെ.പി. ഗോപാലകൃഷണൻ*
*ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (റിട്ട.)*

**എ**റണാകുളം ജില്ലയിൽ പുത്തെൻ കുരിശ്ശിൽ സബ്സ്റ്റേഷൻ സ്ഥാപിക്കാൻ സ്ഥലം എടുത്തിട്ട് വർഷങ്ങളായി. കെ.എസ്.ഇ.ബി. യിലെ കോൺട്രാക്ടറായ ശ്രീ. പൈലിപ്പിള്ള പൂതൃക്ക പഞ്ചായത്തു പ്രസിഡന്റായി വന്നപ്പോൾ ആണ് ജീവൻ വച്ചത്;. പിന്നീട് കാര്യങ്ങൾ ദ്രുതഗതിയിൽ. വൈറ്റില നിന്ന് 20 കിലോമീറ്റർ ലൈൻ വലിച്ചുവേണം സബ് സ്റ്റേഷൻ സ്ഥാപിക്കാൻ. കൂടുതലും പൈൽ ഫൌണ്ടേഷൻ വേണ്ട ലൊക്കേഷനുകൾ. ഒരു അസിസ്റ്റന്റ് എൻജിനീയറെ കൂടി അധികം നിയമിച്ചു. അമ്പലമുകൾ എന്ന സ്ഥലത്ത് എത്തിയപ്പോൾ ഒരു റിട്ടയേർഡ് പോലീസ് കോൺസ്റ്റബിളിന്റെ ശക്തമായ എതിർപ്പ്. ഒരു കാരണവശാലും ലൈനിന്റെ അടിയിൽ നിൽക്കുന്ന തെങ്ങുകൾ മുറിക്കാൻ സമ്മതിക്കില്ല. ശൂര പരാക്രമികളായ നാല് ആൺമക്കൾ കത്തിയുമായി ചാടി വീഴും, അവരെക്കാൾ ഭീകരരായ രണ്ടു അൾസേഷ്യൻ നായ്ക്കളും. ഒടുവിൽ പോലീസ് സർക്കിൾ ഇൻസ്പെക്ടർ വന്നു വിരട്ടിയിട്ടാണ് സമ്മതം നൽകിയത്. റെക്കോർഡ് സമയത്തിൽ പണികൾ തീർന്നു.

ഉദ്ഘാടനം വളരെ ഗംഭീരമായി നടത്താൻ തീരുമാനിച്ചു. ശ്രീമാൻ പൈലിപ്പിള്ളയുടെ പ്രൗഢിക്കൊപ്പം മന്ത്രി ശ്രീ. ആർ. ബാലകൃഷ്ണ പിള്ളയെ എതിരേൽക്കാൻ തൃശ്ശൂരിൽ നിന്നും പൂരത്തിന് ഉയർത്തുന്ന 101 മുത്തുക്കുടകൾ, കോലഞ്ചേരി മുതൽ 6 കിലോമീറ്റർ 101 കാറുകൾ, ഗംഭീര വെടിക്കെട്ട്, എല്ലാം ഭംഗിയായി തലേ ദിവസം തന്നെ ഏർപ്പാട് ചെയ്തു. നാട്ടിൽ മുഴുവൻ ഉത്സവ പ്രതീതി.

രാവിലെ തന്നെ ചീഫ് എഞ്ചിനീയർ ശ്രീ. ജോൺ ടി. ജേക്കബ് സാർ എറണാകുളം ഐബിയിൽ എത്തി. ഞാൻ അദ്ദേഹത്തെ സ്വീകരിക്കാൻ പോയി. എക്സിക്യൂട്ടീവ് എൻജിനീയർ ആയ എസ്. ബാലകൃഷ്ണ മേനോൻ സാർ, അൽപ്പം കഴിഞ്ഞു ഐബിയിൽ എത്തി, അദ്ദേഹം നേരത്തെ തന്നെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറന്മാരായ, പി.സി. ജോണിനെയും, ടി.എം പൗലോസിനെയും പുത്തൻ കുരിശിലേക്കു പറഞ്ഞു വിട്ടിരുന്നു.

11 മണി ആയപ്പോൾ ജോണിന്റെ ഫോൺ കാൾ. ഇന്ന് ഉദ്ഘാടനം നടത്താൻ പറ്റില്ല "എന്ത് പറ്റി ജോൺ" ? ഉത്ഘാടനത്തിനു വച്ചിരിക്കുന്ന ശിലാഫലകത്തിൽ അധ്യക്ഷൻ ആയ എം.എൽ.എ.ശ്രീ. ടി.എച്ച്. മുസ്തഫയുടെ പേര് ഇല്ലത്രെ. എംഎൽ.എ.യുടെ അനുഭാവികൾ വന്നു ശിലാഫലകം അടിച്ചുടച്ചു കളഞ്ഞു. ഞങ്ങൾ ആകെ വിഷണ്ണരായി'.

അത്യുന്നതങ്ങളിൽ നിന്നുള്ള നിർദേശമായിരുന്നത്രെ എം.എൽ.എ.യുടെ പേര് വയ്ക്കാൻ പാടില്ല എന്നുള്ളത്. മന്ത്രിയും എം.എൽ.എ.യും തമ്മിലുള്ള വ്യക്തി വൈരാഗ്യത്തിന്റെ പേരിൽ; ഇനി എന്തുചെയ്യും ഗോപാലകൃഷ്ണ? ജോൺ ടി. ജേക്കബ് സാറിന്റെ ചോദ്യം.

## ഗാനമാധുരി - 18

# ഗാന്ധിജി - ദർശനവും സമരവും സബർമതിയുടെ സംഗീതവും



*Er പി.വി. പ്രമോദ്*
എക്സിക്യൂട്ടീവ് എഞ്ചിനീയർ



ഇന്ത്യയുടെ രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധി; ലോകമെങ്ങും രാഷ്ട്രീയ നേതാവ്, സ്വാതന്ത്ര്യസമര നേതാവ്, പൊതു പ്രവർത്തകൻ, ദാർശനികൻ എന്നീ നിലകളിൽ ആരാധിക്കപ്പെടുന്ന മഹദ് വ്യക്തിത്വമാണ്.

'മഹത്തായ ആത്മാവ്' എന്നാണ് മഹാത്മ എന്ന വാക്കിനർഥം. ഗാന്ധിജിയെ സ്നേഹ പൂർവം വിളിക്കുന്ന മറ്റൊരു പേരാണ് ബാപ്പു. 'അച്ഛൻ' എന്നാണ് ഈയൊരു പദത്തിന്റെ അർഥം.

സത്യം, അഹിംസ, ലാളിത്യം, സ്വാശ്ര യത്വം, സസ്യാഹാരം തുടങ്ങിയ മൂല്യങ്ങൾ സ്വജീവിതത്തിൽ പകർത്തിയ ഗാന്ധിജി അവയുടെ പ്രചാരകനുമായി.

അക്രമവും രക്തരൂക്ഷിത പ്രതിഷേധ ങ്ങളും ഇല്ലാതെയുള്ള സമരമാർഗ്ഗമായ 'സത്യാഗ്രഹം' ലോകത്തിന് ഗാന്ധിജി നൽകിയ സംഭാവനയാണ്.

അഹിംസയിലൂന്നിയ സത്യാഗ്രഹ സമരം ലോകത്തിലെ സർവ ആയുധങ്ങളെക്കാൾ മൂർച്ചയുള്ളതാണെന്ന സത്യം ലോകത്തിനു പല ഘട്ടങ്ങളിലും ബോധ്യപ്പെട്ടിട്ടുണ്ട്. ഗാന്ധിജിയുടെ ജന്മദിനമായ ഒക്ടോബർ 2

---

"എം.എൽ.എ. യുമായി ഒന്ന് സംസാരിച്ചു നോക്കാം സാർ "

ഫോണിൽകൂടി എം.എൽ.എ. പൊട്ടിത്തെ റിക്കുകയായിരുന്നു. "നിങ്ങൾ എന്ത് പോക്രി ത്തരമാണ് കാണിച്ചത്. എന്റെ മണ്ഡലത്തിൽ ഞാൻ അധ്യക്ഷം വഹിക്കുന്ന സമ്മേളന ത്തിൽ എന്റെ പേരില്ലാത്ത ഒരു ഫലകം വയ്ക്കാൻ നിങ്ങൾ എങ്ങിനെ ധൈര്യം കാണിച്ചു. തികഞ്ഞ പ്രോട്ടോകോൾ ലംഘനം ആണിത്. നിങ്ങൾ ഉത്തരം പറയേണ്ടിവരും. ഞാൻ പറഞ്ഞിട്ട് എന്റെ പിള്ളേരാണ് ഫലകം അടിച്ചുടച്ചു കളഞ്ഞത്.

"ഇനി എന്ത് ചെയ്യും. ഗോപാലകൃഷ്ണ ?"

"ഒരു മാർബ്ബിൾ ഫലകത്തിൽ കൊത്തി യെടുക്കാനൊന്നും സമയമില്ല സാർ. തൽക്കാലം ഒരു പ്ലൈവുഡ്ഡിൽ എഴുതിയിട്ട് പിന്നീട് മാർബ്ബിളിലേക്കു മാറ്റാമെന്ന് എമ്മെല്ലേയോട് പറഞ്ഞു നോക്കാം സാർ "എം.എൽ.എ.യോട് വീണ്ടും സംസാരിച്ച പ്പോൾ നിങ്ങൾ എന്തുവേണമെങ്കിലും ചെയ്തോളൂ. ഒടുവിൽ എന്റെ അഭിപ്രായ മനുസരിച്ചു തന്നെ കാര്യങ്ങൾ നീക്കി. ഉദ്ഘാടനം ഗംഭീരമായിത്തന്നെ നടത്തി. ഏതായാലും എം.എൽ.എ.യുടെ അനുഭാവി കൾ കൂടുതൽ പ്രശ്നങ്ങൾ ഒന്നും ഉണ്ടാക്കി യില്ല

ഇന്ത്യയിൽ ഗാന്ധിജയന്തി എന്ന പേരിൽ പൊതു അവധി ദിനമായി ആചരിക്കുന്നു.

അഹിംസാധിഷ്ഠിത സത്യാഗ്രഹം എന്ന ഗാന്ധിയൻ ദർശനത്തോടുള്ള ബഹുമാന സൂചകമായി ഐക്യരാഷ്ട്രസഭ ഈ ദിനം അന്താരാഷ്ട്ര അഹിംസാ ദിനമായും ആചരിക്കുന്നു.

ഗാന്ധിദർശനങ്ങൾ ആഗോളതലത്തിൽ ഒട്ടേറെ മനുഷ്യാവകാശ - പൗരാവകാശ പ്രസ്ഥാനങ്ങളെയും നേതാക്കളെയും സ്വാധീനിച്ചിട്ടുണ്ട്. മാർട്ടിൻ ലൂഥർ കിംഗ്, സ്റ്റീവ് ബികോ, നെൽസൺ മണ്ടേല, ഓങ് സാൻ സൂചി എന്നിവർ ഗാന്ധിയൻ ദർശനങ്ങൾ സ്വാംശീകരിച്ചവരാണ് .

മിക്കവാറും എല്ലാ ലോക രാഷ്ട്രങ്ങളും ഗാന്ധിജിയോടുള്ള ആദരസൂചകമായി ഗാന്ധി ചിത്രമുള്ള തപാൽ സ്റ്റാമ്പ് ഇറക്കിയിട്ടുണ്ട്. ഇതു കൂടാതെ ഗാന്ധി പ്രതിമകൾ എല്ലാ പ്രമുഖ രാജ്യങ്ങളിലുമുണ്ട്.

'രക്തവും മാംസവുമുള്ള ഇങ്ങനെയൊരാൾ ഭൂമിയിൽ ജീവിച്ചിരുന്നത് വിശ്വസിക്കാൻ വരുംതലമുറകൾക്ക് പ്രയാസമായിരിക്കും' - ഗാന്ധിജിയെപ്പറ്റി ആൽബർട്ട് ഐൻസ്റ്റീൻ പറഞ്ഞ വാചകങ്ങളാണിത്.

സംഘർഷങ്ങളും സ്പർധയും വിഭാഗീയതയും വർഗീയതയും നിറഞ്ഞ സമകാലിക ലോകത്തിലും ഭാരതത്തിലും ഗാന്ധി ദർശനങ്ങൾ കൂടുതൽ പ്രസക്തമാവുന്നു..

## കുടുംബ ചരിത്രം

ഗാന്ധിജിയുടെ പൂർവികർ തെക്കൻ ഗുജറാത്തിലെ കത്തിയവാർ പ്രദേശത്തുകാരായിരുന്നു. അദ്ദേഹത്തിന്റെ കുടുംബം വ്യാപാരവും പണമിടപാടുകളും കുലവൃത്തിയാക്കിയ വൈശ്യരിലെ ബനിയ സമുദായത്തിൽപെടുന്നു. കത്തിയവാറിലെ 74 നാട്ടു രാജ്യങ്ങളിൽ ഒന്നായിരുന്നു പോർബന്തർ. പോർബന്തറിലെ ദിവാന്റെ കീഴിലുള്ള ജോലിക്കാരായിരുന്നു ഗാന്ധിജിയുടെ ആറു മുതൽ നാലുവരെ തലമുറയിൽപ്പെട്ട മുതുമുത്തച്ഛൻമാർ.

ഗാന്ധിജിയുടെ മുത്തച്ഛനായ ഉത്തംചന്ദ് ഗാന്ധി തന്റെ മികച്ച നയതന്ത്ര പാടവം കൊണ്ട് പോർബന്തറിലെ ദിവാനായി ഉയർത്തപ്പെട്ടു. 1847 ൽ അദ്ദേഹം മകനായ കരംചന്ദ് ഗാന്ധിക്ക് ഉദ്യോഗം കൈമാറി വിശ്രമജീവിതത്തിലേക്ക് മടങ്ങി.

കരംചന്ദ് ഗാന്ധിക്ക് നാലു ഭാര്യമാർ ഉണ്ടായിരുന്നു. നാലാമത്തെ പത്നിയായ പുതലിബായിയിൽ അദ്ദേഹത്തിന് നാലു മക്കളുണ്ടായി-ലക്ഷ്മിദാസ്,റാലിയത് ബെഹൻ, കർസൻദാസ്, മോഹൻദാസ്. ഇതിൽ 1869 ഒക്ടോബർ 2ന് ജനിച്ച ഏറ്റവും ഇളയവനായ മോഹൻദാസാണ് പിൽക്കാലത്ത് ലോകമൊട്ടുക്കും ആദരിക്കപ്പെടുന്ന മഹാത്മാ ഗാന്ധിയായത്.

## വിദ്യാഭ്യാസവും വിവാഹവും

മോഹൻദാസിന് ഏഴുവയസ്സുള്ളപ്പോൾ അച്ഛനായ കരംചന്ദ് ഗാന്ധിയെ ബ്രിട്ടീഷ് സർക്കാർ രാജ്കോട്ടിലെ ദിവാനായി നിയമിച്ചു. തുടർന്ന് രാജ്കോട്ടിൽ ഒരു വീട് നിർമ്മിച്ച് കുടുംബം അവിടെ താമസം തുടങ്ങി. അങ്ങനെ മോഹൻദാസിന്റെ വിദ്യാഭ്യാസം രാജ്കോട്ടിലായിരുന്നു. ഹൈസ്കൂൾ പഠനകാലത്ത് 1881 ൽ മോഹൻദാസ് പോർബന്തറിലെ വ്യാപാരിയായ ഗോകുൽദാസ് മകാൻജിയുടെ മകൾ കസ്തൂർബയെ വിവാഹം ചെയ്തു.

1887ൽ മോഹൻദാസ് മെട്രിക്കുലേഷൻ പാസ്സായശേഷം ഭവനഗറിലെ സമൽദാസ് കോളേജിൽ ചേർന്നു പഠിച്ചു. ബാരിസ്റ്റർ ആകാനുള്ള കുടുംബാഗങ്ങളുടെ പ്രേരണയിൽ 1888 ൽ നിയമം പഠിക്കാനായി മോഹൻദാസ്

ഇംഗ്ലണ്ടിലേക്ക് കപ്പൽ കയറി. ലണ്ടനിലെ ഓക്സ്ഫോർഡ് സർവ്വകലാശാലയിലായിരുന്നു നിയമ പഠനം.

ലണ്ടനിൽ പഠിക്കുന്ന കാലത്ത് പൂർണ്ണ സസ്യാഹാരിയായ മോഹൻദാസ് അവിടത്തെ വെജിറ്റേറിയൻ ക്ലബിൽ അംഗമാകുകയും അതുവഴി തിയോസഫിക്കൽ സൊസൈറ്റിയിലെ പ്രവർത്തകരുമായി ബന്ധം സ്ഥാപിക്കുകയും ചെയ്തു. ഇത് അദ്ദേഹത്തിന് പൊതുപ്രവർത്തനത്തിന്റെ ബാലപാഠങ്ങൾ നൽകി. കൂടാതെ അവരിലൂടെ ബുദ്ധമതം, ഹിന്ദുത്വം, ബ്രാഹ്മണ സാഹിത്യം എന്നിവ പഠിച്ചു. മതകാര്യങ്ങളിൽ ആകൃഷ്ടനായ അദ്ദേഹം തുടർന്ന് മതഗ്രന്ഥങ്ങളായ ബൈബിളും ഖുറാനും സ്വായത്തമാക്കി.

1891 ൽ പഠനം പൂർത്തിയാക്കി ഇന്ത്യയിൽ തിരിച്ചെത്തി. രാജ്കോട്ട് കോടതിയിൽ അഭിഭാഷകനായെങ്കിലും അവിടെ അദ്ദേഹത്തിന് ശോഭിക്കാനായില്ല. തുടർന്ന് ദാദാ അബ്ദുല്ല & കോ എന്ന ദക്ഷിണാഫ്രിക്കൻ കമ്പനിയുടെ വ്യവഹാരങ്ങൾ വാദിക്കുന്ന വക്കീലായി ജോലി ഏറ്റെടുത്തു.

**ദക്ഷിണാഫ്രിക്കൻ ജീവിതവും സമരങ്ങളും**

1893 ൽ മോഹൻദാസ് അഭിഭാഷകനായി ദക്ഷിണാഫ്രിക്കയിലെ നാറ്റാൾ എന്ന സ്ഥലത്തെത്തി. അവിടെ വർണ്ണവിവേചനം കൊടികുത്തി വാഴുന്ന കാലഘട്ടമായിരുന്നു അത്. വെള്ളക്കാരല്ലാത്ത എല്ലാവരെയും അധമരായാണ് പരിഗണിച്ചത്.

വെള്ളക്കാർ കയറുന്ന ഉയർന്ന ശ്രേണിയിൽ ഉള്ള തീവണ്ടി കൂപ്പയിൽ സഞ്ചരിക്കുന്നതും പൊതുടാപ്പിൽ നിന്ന് വെള്ളമെടുക്കുന്നതും എല്ലാംതന്നെ വിലക്കപ്പെട്ടിരുന്നു. ഒരിക്കൽ ഇത്തരം കൂപ്പയിൽ കയറിയ മോഹൻദാസിനെ ഇൻസ്പെക്ടർ മർദ്ദിക്കുകയും വഴിയിൽ ഇറക്കി വിടുകയും ചെയ്തു. തനിക്കും ചുറ്റുമുള്ള സഹജീവികൾക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പുതിയൊരു രീതിയിൽ ചിന്തിക്കാൻ അദ്ദേഹത്തിന് പ്രേരണയായി. തന്റെ അഭിഭാഷക വൃത്തിക്കുശേഷമുള്ള സമയം വർണ്ണവിവേചനത്തിന് എതിരെയുള്ള പ്രവർത്തനത്തിന് അദ്ദേഹം നീക്കിവച്ചു.

**1. ആദ്യപ്രസംഗവും നറ്റാൾ കോൺഗ്രസും**

പ്രിട്ടോറിയയിൽ ഇന്ത്യക്കാരുടെ ഒരു സമ്മേളനം മോഹൻദാസ് വിളിച്ചുകൂട്ടി. ദക്ഷിണാഫ്രിക്കയിൽ ഇന്ത്യക്കാർ നേരിടുന്ന കഷ്ടതകൾക്കെതിരായി അദ്ദേഹം സംസാരിച്ചു. ഇതായിരുന്നു ആദ്യത്തെ പൊതു പ്രസംഗം.

ഇന്ത്യക്കാരുടെ സാമ്പത്തിക സാമൂഹ്യ സ്ഥിതിയെപ്പറ്റി നിരീക്ഷിച്ച അദ്ദേഹത്തിന് ഒരു കാര്യംബോധ്യമായി. ഇന്ത്യക്കാരുടെ വിദ്യാഭ്യാസമില്ലായ്മ, ശുചിത്വക്കുറവ് എന്നിവയാണ് അവർ നേരിടുന്ന പ്രശ്നങ്ങൾക്ക് ഒരു പ്രധാന കാരണം. തുടർന്ന് മോഹൻദാസ് സുഹൃത്തുക്കൾക്കൊപ്പം 'നറ്റാൾ ഇന്ത്യൻ കോൺഗ്രസ്' എന്ന ഒരു സംഘടന രൂപീകരിച്ചു. ഇത് ഇന്ത്യക്കാരുടെ അവകാശബോധത്തിൽ കാര്യമായ മാറ്റമുണ്ടാക്കി. നറ്റാളിലെ പാവപ്പെട്ട കരാർ തൊഴിലാളികളുടെ പ്രശ്നങ്ങളിലും അദ്ദേഹം ഇടപെട്ടു. താമസിയാതെ ജനങ്ങൾ അദ്ദേഹത്തെ ബഹുമാനപുരസ്സരം ഗാന്ധിജിയെന്നു വിളിച്ചുതുടങ്ങി.

**2. വോട്ടവകാശ സമരം**

1896 ൽ ഡർബനിലെ പാർലമെന്റ് വോട്ടവകാശം കറുത്ത വർഗ്ഗക്കാർക്കും ഇന്ത്യക്കാർക്കും വിലക്കുന്ന നിയമം കൊണ്ടുവരാൻ തീരുമാനിച്ചു. 1897 ൽ ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇതിനെതിരെ നിരവധി പ്രക്ഷോഭങ്ങൾ നടത്തി. നറ്റാൾ നിയമസഭയിൽ അവതരിപ്പിക്കപ്പെട്ട നിഷ്ഠൂരമായ ബില്ലുകൾക്കെതിരെ ഗാന്ധിജി നിരവധി പ്രചാരണങ്ങൾ സംഘടിപ്പിച്ചു.

**3. പത്രവും ആശ്രമവും**

1903 ൽ മോഹൻദാസ് ട്രാൻസ്വാൾ സുപ്രീം കോടതിയിൽ അഭിഭാഷകനായി. ജോഹനാസ്ബർഗിൽ മെയ് 6 ന് കൂടിയ സമ്മേളനത്തിൽ ഇന്ത്യക്കാർക്ക് എതിരെയുള്ള കരിനിയമങ്ങൾ പിൻവലിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. 1903 ജൂൺ 4 ന് 'ഇന്ത്യൻ ഒപ്പീനിയൻ' എന്ന ഇംഗ്ലിഷ് പത്രം മോഹൻദാസ് ജോഹനാസ്ബർഗിൽ ആരംഭിച്ചു. ഇതിൽ എഴുതുന്ന ലേഖനങ്ങളിലൂടെ അദ്ദേഹം തന്റെ പ്രതിഷേധം തുടർന്നു.

1903 അവസാനം ഡർബനിൽ നിന്നും 14 മൈൽ അകലെ 'ഫീനിക്സ് ' എന്ന ആശ്രമം സ്ഥാപിച്ച് ഗാന്ധിജി അവിടേക്ക് താമസം മാറ്റി. ഇക്കാലത്താണ് 'സത്യാഗ്രഹം' എന്ന സമര രീതിയുടെ ആശയം അദ്ദേഹത്തിന്റെ മനസ്സിൽ ഉദിച്ചത്. 1906 മുതൽ ബ്രഹ്മചര്യം ജീവിത' വ്രതമാക്കി. കൂടാതെ ടോൾസ്റ്റോയ് വിഭാവനം ചെയ്ത രീതിയിലുള്ള 'ടോൾസ്റ്റോയ് ഫാം' സ്ഥാപിച്ചു.

**4. ട്രാൻസ്വാളിലെ സത്യാഗ്രഹസമരം**

ട്രാൻസ്വാളിലെ പ്രവിശ്യാ സർക്കാർ എല്ലാ ഇന്ത്യക്കാരും വിരലടയാളം പതിച്ച രജിസ്ട്രേഷൻ കാർഡ് എപ്പോഴും സൂക്ഷിക്കണം എന്ന ഒരു നിയമം കൊണ്ടുവന്നു. ഇതിന് എതിരെ ഗാന്ധിജി 1907 മാർച്ച് 22 ന് സത്യാഗ്രഹ സമരം തുടങ്ങി.1908 ജനുവരിയിൽ ഗാന്ധിജിയെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചു. പിന്നീട് വിട്ടയക്കപ്പെട്ടെങ്കിലും 1913 നവംബർ 6 ന് വീണ്ടും അദ്ദേഹം അറസ്റ്റ് ചെയ്യപ്പെട്ടു. ഇതിൽ പ്രതിഷേധിച്ച് നവംബർ 25 ന് യോഗം ചേർന്നവർക്ക് എതിരെയുള്ള പോലീസ് വെടിവെപ്പിൽ രണ്ട് ഇന്ത്യക്കാർ മരിക്കുകയും നിരവധിപേർക്ക് പരിക്കേൽക്കുകയും ചെയ്തു. തുടർന്ന് ഗാന്ധിജി ഒമ്പതു മാസത്തേക്ക് ജയിലിലടയ്ക്കപ്പെട്ടു.

ഇതിനിടെ ഇന്ത്യക്കാർ അവരവർ താമസിക്കുന്ന പ്രവിശ്യവിട്ട് പുറത്തുപോകുന്നത് വിലക്കുന്ന നിയമത്തിന് എതിരെ 2037 പുരുഷൻമാരും 129 സ്ത്രീകളും 57 കുട്ടികളും സംഘടിച്ച് ട്രാൻസ്വാളിലേക്ക് മാർച്ച് നടത്തപ്പെട്ടു. അവരെ അറസ്റ്റ് ചെയ്ത് ജയിലിൽ അടച്ചപ്പോൾ ലഹള പൊട്ടിപ്പുറപ്പെട്ടു.

ഇതേ തുടർന്ന് 1914 ജൂൺ 30 ന് സർക്കാർ ഒത്തുതീർപ്പുകൾക്ക് തയാറായി.

ദക്ഷിണാഫ്രിക്കയിൽ ഗാന്ധിജി നടത്തിയ വിവിധ സമരങ്ങളുടെ ഭാഗമായി 249 ദിവസം അദ്ദേഹം തടവിൽ കഴിഞ്ഞിട്ടുണ്ട്.

**ഗാന്ധിജി ഇന്ത്യയിൽ**

ദക്ഷിണാഫ്രിക്കയിൽ കഴിയുന്ന കാലത്തും ഗാന്ധിജി ഇടയ്ക്കിടെ ഇന്ത്യയിലും എത്തിയിരുന്നു.1896 ൽ ഇന്ത്യയിൽ ഒരു ഹ്രസ്വസന്ദർശനം നടത്തി ദക്ഷിണാഫ്രിക്കയിലെ ഇന്ത്യക്കാരുടെ നില വിവരിക്കുന്ന ലഘുലേഖകളും പത്ര പ്രസ്താവനകളും ഇറക്കി. രാജ്കോട്ടിലെ പൗരപ്രമുഖരുമായി ഇക്കാര്യം ചർച്ച നടത്തി. പൂനയിൽ ചെന്ന് അന്നത്തെ പ ഇന്ത്യൻ സ്വാതന്ത്ര്യ സമര നേതാക്കളിൽ പ്രമുഖരായ ബാലഗംഗാധര തിലകൻ, ഗോപാലകൃഷ്ണ ഗോഖലെ എന്നിവരെ കണ്ടു.

1901 ൽ വീണ്ടും ഇന്ത്യയിലെത്തിയ ഗാന്ധിജി കൽക്കത്തയിൽ ഇന്ത്യൻ നാഷനൽ കോൺഗ്രസ് യോഗത്തിൽ പങ്കെടുത്തു. യോഗത്തിൽ ദക്ഷിണാഫ്രിക്കൻ ഇന്ത്യക്കാരുടെ അവശതകളെക്കുറിച്ച് പ്രമേയം അവതരിപ്പിച്ചു.

ദക്ഷിണാഫ്രിക്കയിലെ പ്രവർത്തനം മതിയാക്കി ഗാന്ധിജി 1915 ജനുവരി 9ന് ഇന്ത്യയിൽ തിരിച്ചെത്തി. ബോംബെയിൽ കപ്പലിറങ്ങിയ അദ്ദേഹം താമസിയാതെ ഇന്ത്യ മുഴുവൻ യാത്ര ചെയ്ത് സ്ഥിതിഗതികൾ മനസ്സിലാക്കുകയും ദേശീയ നേതാക്കളെ സന്ദർശിക്കുകയും ചെയ്തു.1915 മെയ് 25 ന് അദ്ദേഹം സത്യഗ്രഹാശ്രമം സ്ഥാപി ക്കു

കയും സ്വയം നൂൽനൂറ്റ് വസ്ത്രമുണ്ടാ ക്കുന്ന ഖാദി പ്രസ്ഥാനത്തിന് രൂപം നൽകുകയും ചെയ്തു.

**ഗാന്ധിജിയുടെ ഇന്ത്യയിലെ സമരങ്ങൾ**

1. ഇന്ത്യയിലെ ആദ്യ സമരം

1917 ഏപ്രിൽ 16ന് ബീഹാറിലെ ചമ്പാരൻ ജില്ലയിലെ തോട്ടം തൊഴിലാളികളെ അടിമത്ത ത്തിൽ നിന്ന് മോചിപ്പിക്കാനുള്ള സമരം നയിച്ചതിന് ഗാന്ധിജി അറസ്റ്റു ചെയ്യപ്പെട്ടു. ഇതായിരുന്നു ഇന്ത്യയിലെ അദ്ദേഹത്തിന്റെ ആദ്യത്തെ സമരവും അറസ്റ്റും. 1917-18 കാലത്ത് അദ്ദേഹം ഗുജറാത്തിലെ ഘേഡ കർഷക സമരം, അഹമ്മദാബാദിലെ തൊഴിൽ പ്രശ്നം എന്നിവ ഒത്തുതീർപ്പാക്കി.

1917 ജൂണിൽ സത്യാഗ്രഹാശ്രമം അഹമ്മദ്ബാദിനടുത്ത സബർമതിയിലേക്ക് മാറ്റി. ഇത് പിൽക്കാലത്ത് സബർമതി ആശ്രമം എന്ന പേരിൽ പ്രശസ്തമായി. ഈ അവസര ത്തിൽ ടാഗോർ ഗാന്ധിജിയെ 'മഹാത്മ' എന്നു വിശേഷിപ്പിച്ചു. ഈ കാലഘട്ടത്തിൽ ഇന്ത്യ യിലെ വിവിധ സ്ഥലങ്ങളിൽ പ്രക്ഷോഭ സമര ങ്ങൾ ശക്തമാവുകയും ഇന്ത്യൻ നേതാക്കൾ ഗാന്ധിജിയെ തങ്ങളുടെ നേതാവായി അംഗീ കരിക്കുകയും ചെയ്തു.

**2. നിസ്സഹകരണ സമരം**

റൗലത്ത് ആക്ടിന് എതിരായി 1919 മാർച്ച് 30ന് ഹർത്താൽ ആചരിക്കാൻ ഗാന്ധിജി ആഹ്വാനം ചെയ്തു. ഇതോടനുബന്ധിച്ച് നിസ്സഹകരണവും തുടങ്ങി. വിദ്യാലയങ്ങളും കോടതികളും ബഹിഷ്കരിക്കപ്പെട്ടു. ഡൽഹി യിൽ നടന്ന പോലീസ് വെടിവെപ്പിനെപ്പറ്റി അന്വേഷിക്കാൻ എത്തിയ ഗാന്ധിജിയെ ഏപ്രിൽ 10ന് അറസ്റ്റ് ചെയ്തു. ഇതിൽ പ്രതി ഷേധിച്ച് രാജ്യം മുഴുവൻ ഹർത്താലുണ്ടായി. ഏപ്രിൽ 13 ന് പഞ്ചാബിലെ ജാലിയൻവാലാ ബാഗിൽവച്ച് സമരക്കാർ കൂട്ടക്കൊല ചെയ്യപ്പെട്ടു. ഇതേ തുടർന്ന് നിയമലംഘന സമരം ഗാന്ധിജി താൽക്കാലികമായി നിർത്തി.

ഉത്തർപ്രദേശിലെ ചൗരിചൗരായിൽ ജനക്കൂട്ടം രോഷംപൂണ്ട് പോലീസ് സ്റ്റേഷൻ ചുട്ടെരിച്ച് പോലീസുകാരെ വധിച്ചതിനെ തുടർന്ന് ഗാന്ധിജി നിസ്സഹകരണ സമരവും നിർത്തി.

'യംഗ് ഇന്ത്യ' മാസികയിൽ എഴുതിയ ലേഖനങ്ങളുടെ പേരിൽ ഗാന്ധിജിയെ രാജ്യ ദ്രോഹക്കുറ്റം ചുമത്തി അറസ്റ്റ് ചെയ്ത് ആറു കൊല്ലത്തേക്ക് ജയിലിലടച്ചു. എന്നാൽ അദ്ദേഹത്തിന്റെ ആരോഗ്യനില മോശമായ തിനെ തുടർന്ന് രണ്ട് വർഷം കഴിഞ്ഞപ്പോൾ വിട്ടയക്കപ്പെടുകയുണ്ടായി.

**3. ഉപ്പുസത്യാഗ്രഹം**

ഭൂനികുതി വർദ്ധനവിൽ പ്രതിഷേധിച്ച് ഗാന്ധിജി ഗുജറാത്തിലെ ബർദോളിയിൽ സത്യാഗ്രഹം ആരംഭിച്ചു. സബർമതി ആശ്രമ ത്തിൽ 1930 ഫെബ്രുവരിയിൽ ചേർന്ന കോൺ ഗ്രസ് പ്രവർത്തകസമിതി സിവിൽ നിയമ ലംഘന സമരം തുടങ്ങാൻ തീരുമാനിച്ചു. ഉപ്പിന് നികുതി ഏർപ്പെടുത്തിയതിൽ പ്രതിഷേ ധിച്ച് 1930 ൽ ഗാന്ധിജി ഉപ്പുസത്യാഗ്രഹം തുടങ്ങി. മാർച്ച് 12ന് 78 അനുയായികൾക്കൊപ്പം ഗാന്ധിജി സബർമതി ആശ്രമത്തിൽ നിന്ന് കാൽനടയായി 'ദണ്ഡി' എന്ന തീരദേശ ഗ്രാമത്തിലെത്തി. അവിടെ കടപ്പുറത്ത് കടൽ വെള്ളം കുറുക്കി ഉപ്പുണ്ടാക്കി നിയമം ലംഘിച്ചു.

തുടർന്ന് ദണ്ഡി കടപ്പുറത്ത് ഗാന്ധിജി സത്യാഗ്രഹം തുടങ്ങി. അദ്ദേഹത്തെ അവിടെ വച്ച് അറസ്റ്റ് ചെയ്ത് ജയിലിലടച്ചു. ഇതോടെ രാജ്യമെങ്ങും വൻ പ്രക്ഷോഭങ്ങളും പണിമുട ക്കുകളും നടന്നു. 1931 ജനുവരി 25ന് ഗാന്ധിജി ജയിൽമോചിതനായി.

**4. യെർവാദാ നിരാഹാര സമരം**

അധഃസ്ഥിതരായ ഹിന്ദു സമുദായങ്ങൾക്ക് തെരഞ്ഞെടുപ്പിന് പ്രത്യേക നിയോജക മണ്ഡലങ്ങൾ ഏർപ്പെടുത്തുന്ന ഒരു വിധി ബ്രിട്ടീഷ് ജഡ്ജി മക്ഡൊണാൾഡ് പുറപ്പെടുവിച്ചു. ഇത് ഹിന്ദുക്കൾക്കിടയിൽ ചേരിതിരിവ് ഉണ്ടാക്കുമെന്ന കാരണത്താൽ പ്രസ്തുത വിധിയെ ഗാന്ധിജി എതിർത്തു. പൊതുമണ്ഡലങ്ങളിൽ അധഃസ്ഥിതർക്ക് സംവരണം നൽകുകയാണ് വേണ്ടത് എന്നായിരുന്നു ഗാന്ധിജിയുടെ വാദം. വിധിക്കെതിരെ 1932 സെപ്റ്റംബർ 21 ന് ഗാന്ധിജി യെർവാദാ സെൻട്രൽ ജയിലിൽ അനിശ്ചിതകാല നിരാഹാര സത്യാഗ്രഹം ആരംഭിച്ചു. ഒടുവിൽ ഗാന്ധിജിയുടെ നിലപാട് അംഗീകരിക്കപ്പെട്ടു.

**5. ക്വിറ്റ് ഇന്ത്യാ സമരം**



ഇന്ത്യാക്കാരുടെ സമ്മതമില്ലാതെ ഇന്ത്യയെ രണ്ടാം ലോകയുദ്ധത്തിൽ പങ്കാളിയാക്കിയതിൽ പ്രതിഷേധിക്കാൻ ഗാന്ധിജി തീരുമാനിച്ചു. 1942ൽ സ്റ്റഫോർഡ് ക്രിപ്സ് ഇന്ത്യയിലെത്തി ഗാന്ധിജിയുമായി ചർച്ച നടത്തി. തുടർന്ന് ഇന്ത്യക്ക് 'ഡൊമിനി യൻപദവി' വാഗ്ദാനം ചെയ്യപ്പെട്ടു. എന്നാൽ പൂർണസ്വരാജ് തന്ന് ബ്രിട്ടീഷുകാർ ഇന്ത്യ വിടുക എന്ന് ആവശ്യപ്പെട്ടുള്ള 'ക്വിറ്റ് ഇന്ത്യ' പ്രമേയം 1942 ഓഗസ്റ്റ് 8 ന് കോൺഗ്രസ് സമിതിയിൽ അവതരിപ്പിക്കപ്പെട്ടു. സമര നേതൃത്വം ഏറ്റെടുത്ത ഗാന്ധിജി 'പ്രവർത്തി ക്കുക അല്ലെങ്കിൽ മരിക്കുക' (Do or Die) എന്ന ചരിത്രപ്രസിദ്ധമായ പ്രസംഗം നടത്തി. ഇതോടെ രാജ്യമാകമാനം പ്രക്ഷോഭങ്ങൾ നടന്നു. തുടർന്ന് ഗാന്ധിജിയെ അറസ്റ്റ് ചെയ്ത് പൂനയിലെ ആഗാഖാൻ കൊട്ടാരത്തിൽ തടവിലാക്കി. ഇന്ത്യൻ നാഷണൽ കോൺഗ്രസ് നിയമവിരുദ്ധ സംഘടനയായി അധികാരികൾ പ്രഖ്യാപിച്ചു.

തടവുകാരെ മോചിപ്പിക്കണം എന്ന് ആവശ്യപ്പെട്ട് ഗാന്ധിജി 1944 ഫെബ്രുവരി 10ന് ഉപവാസം തുടങ്ങി. ഗാന്ധിയോടൊപ്പം തടവിലുണ്ടായിരുന്ന കസ്തൂർബ ഫെബ്രുവരി 22ന് അന്തരിച്ചു. എന്നാൽ ഗാന്ധിജിയെ മെയ് 6ന് മാത്രമാണ് മോചിപ്പിച്ചത്. ഇത് അദ്ദേഹത്തിന്റെ അവസാനത്തെ ജയിൽവാസമായിരുന്നു. ഇന്ത്യയിൽ ആകെ വിവിധ സമരങ്ങളുടെ ഭാഗമായി 2089 ദിവസങ്ങളാണ് ഗാന്ധിജി വിവിധ ജയിലുകളിൽ തടവിൽ കഴിഞ്ഞത്.

**ഇന്ത്യാ വിഭജനവും സ്വാതന്ത്ര്യവും**

ഇന്ത്യയിലെ രാഷ്ട്രീയ പ്രതിസന്ധി പരിഹരിക്കുന്നതിന് വൈസ്രോയി വേവൽ പ്രഭുവിന്റെ ഇടപെടലിനെ തുടർന്ന് തടവിൽ കഴിഞ്ഞവരെ 1945ൽ മോചിപ്പിച്ചു. ഇതോടെ ഇന്ത്യയുടെ സ്വാതന്ത്ര്യം ലക്ഷ്യപ്രാപ്തിയിലേക്ക് നീങ്ങുന്ന പ്രതീക്ഷയുണ്ടായി. എന്നാൽ മുഹമ്മദലി ജിന്നയുടെ നേതൃത്വത്തിൽ മുസ്ലീങ്ങൾക്ക് പാക്കിസ്ഥാൻ എന്ന പ്രത്യേക രാഷ്ട്രം ആവശ്യപ്പെട്ടതോടെ പ്രതിസന്ധി തുടങ്ങി. ഇതിനിടയിൽ കൽക്കത്തയിൽ നടന്ന വർഗീയകലാപത്തിൽ ആയിരക്കണ ക്കിന് പേർ മരിച്ചു. വർഗീയ ലഹള പടർന്ന കിഴക്കൻ ബംഗാളിലെയും ബീഹാറിലെയും ഗ്രാമങ്ങളിൽ ഗാന്ധിജി ശാന്തി സന്ദേശവു മായി സഞ്ചരിച്ചു. ഒടുവിൽ ഇന്ത്യയുടെ വിഭജന ത്തോടെയുള്ള സ്വാതന്ത്ര്യം 1947 ആഗസ്റ്റ് 15 ന് ലഭിക്കുകയും ചെയ്തു.

**ഗാന്ധിജിയുടെ അവസാനകാലം**

ഗാന്ധിജി ഇന്ത്യാ വിഭജനത്തിന് എതിരായിരുന്നു. രാഷ്ട്രവിഭജനവും കസ്തൂർബയുടെ

മരണവും അദ്ദേഹത്തെ ദുഃഖഭരിതനാക്കി. ഇന്ത്യയുടെ സ്വാതന്ത്ര്യ ആഘോഷങ്ങൾ നടക്കുമ്പോൾ ഗാന്ധിജി കൽക്കത്തയിൽ ഏകാന്തനായി കഴിയുകയായിരുന്നു.

ഇന്ത്യാവിഭജനത്തിനു ശേഷവും കലാപവും അഭയാർഥി പ്രവാഹവുമുണ്ടായി. 1947 സെപ്റ്റംബറിലും 1948 ജനുവരിയിലും വർഗീയ കലാപങ്ങളും നടക്കുകയുണ്ടായി. സമാധാനത്തിനായി ഗാന്ധിജി ഡൽഹിയിൽ ജനുവരി 13ന് നിരാഹാരം ആരംഭിച്ചു. തുടർന്ന് സമുദായ നേതാക്കളും കലാപത്തിന് നേതൃത്വം കൊടുത്തവരും ഒത്തുതീർപ്പിന് തയ്യാറായതോടെയാണ് ഗാന്ധിജി നിരാഹാരം അവസാനിപ്പിച്ചത്.

**ഗാന്ധിവധം**

1948 ജനുവരി 30 വെള്ളിയാഴ്ച വൈകിട്ട് 5.17 ന് ഡൽഹിയിലെ ബിർളാ മന്ദിരത്തിൽ ഒരു പ്രാർഥനാ യോഗത്തിൽ പങ്കെടുക്കവെ ഹിന്ദുമഹാസഭാ പ്രവർത്തകനായ നാഥുറാം ഗോഡ്സേയുടെ വെടിയേറ്റ് ഗാന്ധിജി ഇഹലോകവാസം വെടിഞ്ഞു. ജനുവരി 31ന് ഗാന്ധിജിയുടെ ഭൗതിക ശരീരം ദൽഹിയിലെ രാജ്ഘട്ടിൽ സംസ്കരിച്ചു.

ലോകത്തെ നടുക്കിയ ഒന്നായിരുന്നു 1948 ജനവരി 30ന് നടന്ന ദാരുണമായ ഗാന്ധി വധം. വൈദേശിക ഭരണത്തിൽ നിരന്തരം സമരങ്ങളിൽ ഏർപ്പെട്ടിരുന്ന കാലങ്ങളിൽ പോലും ഗാന്ധിജിക്ക് ശാരീരികമായ പോറലുകളൊന്നും ഏറ്റിരുന്നില്ല. പാരതന്ത്ര്യത്തിനും ഹിംസക്കുമെതിരെ പടനയിച്ച മഹാത്മാവ് സ്വന്തം രാജ്യത്തുവച്ച് രാജ്യം സ്വതന്ത്രമായ ഉടൻ തന്നെ ഹിംസയിലൂടെ കൊല്ലപ്പെട്ടു എന്നത് വേദനാജനകമായ വൈരുധ്യമായി.

## ഗാന്ധി ദർശനങ്ങൾ

**1. സത്യം**

ഗാന്ധിജിയുടെ വീക്ഷണത്തിൽ മനുഷ്യന്റെ പരമമായ ലക്ഷ്യം ഈശ്വര സാക്ഷാത്ക്കാരമാണ്. ഇതിന്വേണ്ടത് സത്യത്തിലൂന്നിയ ജീവിതമാണെന്ന് അദ്ദേഹം വിശ്വസിച്ചു.

**2. അഹിംസ**

ഹിംസ ചെയ്യാതിരിക്കുക എന്നതാണ് ഇതിന്റെ സാധാരണ വിവക്ഷ. ഗാന്ധിയൻ ചിന്തയിൽ അഹിംസ എന്നാൽ പരമമായ സ്നേഹമാണ്. ശത്രുവിനോട് പോലും ക്ഷമിക്കുന്ന അവസ്ഥയാണത്. സത്യവും അഹിംസയും ഒരേ നാണയത്തിന്റെ രണ്ടു വശങ്ങളാണ് - സത്യം ലക്ഷ്യവും അഹിംസ അതിലേക്കുള്ള മാർഗ്ഗവും.

അഹിംസയുടെ ഉപജ്ഞാതാവ് ഗാന്ധിജിയല്ല. പ്രാചീനമായ ബുദ്ധ-ജൈന മതദർശനങ്ങളുടെ അടിസ്ഥാനം അഹിംസയാണ്. എന്നാൽ ആധുനിക രാഷ്ട്രീയ രംഗത്ത് അതിന്റെ മുഖ്യ പ്രയോക്താവ് ഗാന്ധിജിയാണ്.

**3. ലാളിത്യം**

സാമൂഹ്യസേവനത്തിൽ ഏർപ്പെടുന്ന ഒരാൾ നയിക്കേണ്ട ഒന്നാണ് ലളിതജീവിതം എന്ന് ഗാന്ധിജി വിശ്വസിച്ചു. ഭക്ഷണം, വസ്ത്രം, മറ്റു ജീവിതാവശ്യങ്ങൾ എന്നിവയിൽ ലാളിത്യം വേണം. മിതമായ സസ്യാഹാരം, സ്വയം നൂൽനൂറ്റുണ്ടാക്കിയ വസ്ത്രധാരണം, വസ്ത്രങ്ങൾ സ്വയം അലക്കൽ എന്നീ പ്രവൃത്തികളിലൂടെ ഗാന്ധിജി അത് സ്വജീവിതത്തിൽ പാലിച്ചുകൊണ്ട് മാതൃകയായി.

**4. ബ്രഹ്മചര്യം**

ഗാന്ധി വീക്ഷണത്തിൽ ബ്രഹ്മചര്യം ആത്മീയവും ശാരീരികവുമായ ശുദ്ധത നൽകുന്നു. ചിന്തയിലും വാക്കിലും പ്രവൃത്തിയിലുമുള്ള വികാരങ്ങളുടെ നിയന്ത്രണമാണ് ഗാന്ധി വീക്ഷണത്തിലെ ബ്രഹ്മചര്യം.

**5. സർവോദയം**

ജാതി-മത-ലിംഗഭേദമില്ലാതെ പൊതുവായി എല്ലാവരുടെയും വികസനമാണ് സർവ്വോദയം. സർവോദയം പ്രാപിച്ച സമൂഹത്തിൽ ഓരോ വ്യക്തിയും സ്വന്തം മനസ്സാക്ഷി

ക്കനുസരിച്ച് പ്രവർത്തികുകയും സ്വയം നിയന്ത്രിക്കുകയും സ്വയം ഭരിക്കുകയും ചെയ്യുന്നു. ഇവിടെ ഭരണാധികാരിയോ ഭരണമോ ഉണ്ടാവില്ല.

**6. ആരോഗ്യം**

പ്രകൃതി വസ്തുക്കളായ ജലം, മണ്ണ്, വായു, സൂര്യപ്രകാശം എന്നിവ ആരോഗ്യ പരിപാലനത്തിന് ഉപയോഗപ്പെടുത്തുന്ന രീതിയിലധിഷ്ഠിതമാണ് ഗാന്ധിജിയുടെ ആരോഗ്യപരിപാലനം.

**7. മതവിശ്വാസം**

സ്വജീവിതത്തിൽ ഹൈന്ദവ വിശ്വാസിയായിരുന്ന ഗാന്ധിജി മറ്റു മതങ്ങളെ പഠിക്കുകയും അവയുടെ നൻമയിൽ വിശ്വസിക്കുകയും ചെയ്തിരുന്നു .

ഭഗവദ്ഗീതയായിരുന്നു അദ്ദേഹത്തെ ഏറ്റവും സ്വാധീനിച്ച മതഗ്രന്ഥം. മനസ്സിൽ സംശയവും ദുഃഖവും നിരാശയും ഉണ്ടാകുന്ന അവസരങ്ങളിൽ ആശ്വാസം നേടാൻ അദ്ദേഹം ആശ്രയിച്ചത് ഭഗവദ്ഗീതയെയാണ്.

**ഗ്രന്ഥങ്ങളും പത്രങ്ങളും**

ഗാന്ധിജിയുടെ ആത്മകഥയാണ് 'എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ ' (My Experiments with truth). തന്റെ സ്വന്തം ജീവിതത്തെപ്പറ്റിയുള്ള സത്യസന്ധവും തുറന്നതുമായ വെളിപ്പെടുത്തലുകൾ ഉള്ളതാണ് ഈ കൃതി. ഭാരതീയ ഭാഷകൾ കൂടാതെ മിക്ക ലോകഭാഷകളിലും തർജ്ജമ ചെയ്യപ്പെട്ട ഈ പുസ്തകത്തിന്റെ ലക്ഷക്കണക്കിന് പകർപ്പുകളാണ് ഇക്കാലത്തുപോലും വിൽക്കപ്പെടുന്നത്.

ഗാന്ധിജി തുടങ്ങിയ പത്രങ്ങളാണ് - ഇന്ത്യൻ ഒപ്പീനിയൻ (ദക്ഷിണാഫ്രിക്ക), യംഗ് ഇന്ത്യ,ഹരിജൻ, നവജീവൻ എന്നിവ. ഗാന്ധിജിയെപ്പറ്റി അനവധി ഗ്രന്ഥങ്ങൾ ഇംഗ്ലീഷിലും വിവിധ ഇന്ത്യൻ ഭാഷകളിലും ഇറങ്ങിയിട്ടുണ്ട്.

**ഗാന്ധി സംഗീതം**

ഗാന്ധിജി ഒരു സംഗീതജ്ഞൻ ആയിരുന്നില്ല എങ്കിലും അദ്ദേഹത്തിന്റെ പേരുമായി ബന്ധപ്പെട്ട ചില പ്രശസ്ത ഭക്തി കീർത്തനങ്ങളുണ്ട്.

**1. രഘുപതി രാഘവ രാജാറാം**

ഉപ്പു സത്യാഗ്രഹവുമായി ബന്ധപ്പെട്ട് സബർമതി മുതൽ ദണ്ഡി വരെ 24 ദിവസം നീണ്ട കാൽനടയാത്രയിൽ ഗാന്ധിജിയും അനുയായികളും താണ്ടിയത് 384 കിലോമീറ്റർ ആയിരുന്നു. സുദീർഘമായ ഈ യാത്രയിൽ ജനങ്ങൾക്ക് ആവേശം പകരാനും യാത്രാക്ഷീണം മാറ്റാനുമായി ഗാന്ധിജി ആശ്രയിച്ചത് സംഗീതത്തെയായിരുന്നു.

യാത്രയ്ക്ക് ഗാന്ധിജി തെരഞ്ഞെടുത്തത് രഘുപതി രാഘവ രാജാറാം എന്നു തുടങ്ങുന്ന രാമഭക്തി കീർത്തനമായിരുന്നു. പണ്ഡിറ്റ് ലക്ഷ്മണാചാര്യ എഴുതിയ ഈ കീർത്തനം വളരെ പ്രശസ്തവുമായിരുന്നു. എന്നാൽ കീർത്തനത്തിലെ പല്ലവി മാത്രം എടുത്തുകൊണ്ട് ബാക്കി വരുന്ന വരികൾ ഗാന്ധിജി തന്നെ പാടി നൽകി ജനങ്ങളെ അമ്പരപ്പിച്ചു. തുടർവരികൾ ഇങ്ങനെയായിരുന്നു -

*സീതാറാം സീതാറാം*
*ഭജ് പ്യാരെ തൂ സീതാറാം*
*ഈശ്വര അള്ളാ തേരെ നാം*
*സബ്കോ സമ്മതി ദേ ഭഗവാൻ*

അങ്ങനെ ഇത് ഒരു ഹൈന്ദവ ഭക്തിഗാനത്തിൽ നിന്നും ഉയർന്ന് ഒരു മതേതര ഗാനമായി മാറി. ഈശ്വരനെന്നും അള്ളായെന്നും വിളിക്കുന്നത് ഒരേ ദൈവത്തെ തന്നെയാണെന്ന മഹാസത്യം ഗാന്ധിജി വ്യക്തമാക്കുകയായിരുന്നു, എല്ലാവർക്കും ദൈവം സൽബുദ്ധി കൊടുക്കുന്നു. അങ്ങനെ ഈ ഗാനം ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ഒരു ഭാഗമായി മാറി.

'രഘുപതി രാഘവ രാജാറാം' ഗാന്ധിജിയുടെ ഗാനമായി അറിയപ്പെടുന്നു. ഗാന്ധിജി ഇതിന്റെ വരികളിൽ വരുത്തിയ മാറ്റമാണ് ഗാനത്തിന്റെ ജനപ്രീതിക്ക് മുഖ്യ കാരണം. ദിഗംബർ പുലസ്കറിന്റെ മനോഹര സംഗീതവും ഗാനത്തിന്റെ പ്രശസ്തിക്ക് മറ്റൊരു ഹേതുവായി.

**2. വൈഷ്ണവ ജനതോം**

ഗാന്ധിജിക്ക് വളരെ ഇഷ്ടപ്പെട്ടതാണ് 'വൈഷ്ണവ ജനതോം' എന്ന കീർത്തനം.

ഗാന്ധിജിയെയോ ഗാന്ധിദർശനത്തെയോ സംബന്ധിക്കുന്ന പരിപാടികൾക്ക് ആമുഖമായി ശ്രവ്യ-ദൃശ്യ മാധ്യമങ്ങളിൽ ഈ ഭജൻ പശ്ചാത്തല സംഗീതമായി വരാറുണ്ട്.



*വൈഷ്ണവ ജനതോം*
*തെയ്നെകഹിയേജെ*
*പീട് പരായി ജാനേരെ*

പതിനഞ്ചാം നൂറ്റാണ്ടിൽ ജീവിച്ച ഭക്ത കവിയായ നരസിംഹ മേത്ത ഗുജറാത്തി ഭാഷയിൽ രചിച്ചതാണ് ഈ പ്രശസ്ത കീർത്തനം.

മതവിശ്വാസങ്ങൾക്ക് അതീതമായ സാർവ്വജനികതയും എങ്ങനെ നല്ല മനുഷ്യനാകാം എന്നതിന്റെ അടിസ്ഥാന പ്രമാണങ്ങളുമാണ് കീർത്തനത്തിലെ പരാമർശം. ഈ ആശയമാകാം ഗാന്ധിജിക്ക് ഭജനെ പ്രിയപ്പെട്ടതാക്കിയത് .

**3. എന്റെ ഗുരുനാഥൻ**

ഗാന്ധിജിയെപ്പറ്റി മഹാകവി വള്ളത്തോൾ എഴുതിയ മലയാള കവിത യാണ് എന്റെ ഗുരുനാഥൻ. ഇതിൽ ഗാന്ധിജിയെ വിവിധ മഹാത്മാക്കളുടെ ഗുണം ഒത്തുചേർന്ന മഹദ് വ്യക്തിത്വ മായി കവി വാഴ്ത്തുന്നു.

ക്രിസ്തുവിന്റെ ത്യാഗശീലവും കൃഷ്ണന്റെ ധർമ്മബോധവും ബുദ്ധന്റെ അഹിംസയും ശങ്കരാചാര്യരുടെ ബുദ്ധി ശക്തിയും രന്തിദേവന്റെ ദയാവായ്പും ഹരിശ്ചന്ദ്രന്റെ സത്യവും നബിയുടെ സ്ഥൈര്യവും ഒരാളിൽ സമ്മേളിക്കുന്ന പുണ്യപുരുഷൻ ആയിട്ടാണ് ഗാന്ധിജി ഈ കവിതയിൽ വിശേഷിപ്പിക്കപ്പെടുന്നത്.

**4. സബർമതി തൻ സംഗീതം**

ഗാന്ധിജിയുടെ മഹത്വവും ഗാന്ധി ജയന്തിയുടെ ദൗത്യവും പ്രതിപാദിക്കുന്ന ഒരു മലയാള ചലച്ചിത്ര ഗാന മുണ്ട്. 1977 ൽ പുറത്തിറങ്ങിയ വിടരുന്ന മൊട്ടുകൾ എന്ന കുട്ടികളുടെ ചലച്ചിത്രത്തിലേതാണ് ഈ ഗാനം.



സബർമതി തൻ സംഗീതം
കേൾക്കുക നാം
*ബാപ്പുജിതൻ പുണ്യഗാഥ പാടുക നാം*
*ഗാന്ധിജയന്തി, ഇന്ന് ഗാന്ധിജയന്തി.*

ഗാന്ധിജയന്തിയോട് അനുബന്ധിച്ച് മുൻ കാലങ്ങളിൽ വിദ്യാലയങ്ങളിൽ ആചരിച്ചു വന്ന 'സേവനവാരം'എന്ന പരിപാടിയുടെ പശ്ചാത്തലമാണ് ഗാനരംഗം ചിത്രീകരിക്കുന്നത്.

ശ്രീകുമാരൻ തമ്പി രചിച്ച് ദേവരാജൻ മാസ്റ്റർ ഈണം നൽകി നിലമ്പൂർ കാർത്തികേയനും മാധുരിയും സംഘവും പാടിയ ഗാനം ഗാന്ധിജിയെയും ഗാന്ധി ദർശനങ്ങളെയും പ്രകീർത്തിക്കുന്നു.

ദേശഭക്തിഗാന ശൈലിയിലുള്ള ഈ ഗാനത്തിന്റെ വരികളും ഈണവും കുട്ടികൾക്ക് ഗാന്ധിജിയുടെ ഉൽബോധനങ്ങൾ സന്ദേശ രൂപേണ നൽകുന്ന രീതിയിലാണ്.

അവലംബം


1. ഗാന്ധിജി – വിക്കിപീഡിയ
2. ഗാന്ധിജി – വെബ്ദുനിയ
3. എം.കെ.ഗാന്ധി – എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ (ആത്മകഥ )
4. ഷാജൻ സി.മാത്യു – രഘുപതി രാഘവ രാജാറാം ഈണത്തിനും വരികൾക്കും പിന്നിലെ കഥ – മനോരമ ഓൺലൈൻ



# Energy Briefs 8

**_Er Subha T.G._**
*Assistant Executive Engineer*

## Government rolls out new EV charging guidelines to fuel electric vehicle boom across India

The Government of India has unveiled a robust framework for enhancing the electricvehicle (EV) charging infrastructure across the nation on September 17, 2024, by the ministry of power. The guidelines aim to massively increase the accessibility and density of EV charging stations, with ambitious targets set for urban and highway locations by 2030.

As per the new directive, urban areas are set to have a dense network of EVcharging stations with at least one station every square kilometer by the end this decade. This initiative is designed to ensure that EV owners have reliable and convenient access to charging facilities, thereby addressing one of the major hurdles in EV adoption. Furthermore, the guidelines specify that major highways and expressways will feature fast charging stations every 100 kilometers, catering specifically to long-range and heavy-duty electric vehicles like buses and trucks.

A key component of the new policy is the promotion of solar energy in charging stations, encouraging operators to utilize renewable energy to power their operations. Moreover, the guidelines suggest differential pricing for electricity, offering lower rates during solar hours to incentivize the use of clean energy.

Incentives include the provision of public land at promotional rates and streamlined procedures for electricity connection approvals. Charge point operators are encouraged through financial incentives to set up new stations, with the government ensuring that the cost of electricity for these stations remains below the average supply cost until March 2028.

***Courtesy: The Economic Times***

## India unveils CSIRT-Power to fortify power sector against cyber threats

In a significant move to safeguard India's critical power infrastructure, the Computer Security Incident Response Team Power(CSIRT –Power) at Northern Regional Power Committee has been started in New Delhi. The facility is a targeted response to the growing threat of cyber attacks which pose a serious risk to the nation's power sector, identified as a prime target due to its pivot ole in national infrastructure.

Cyber-attacks today are capable of causing significant disruptions with far-reaching consequences. The CSIRT-Power is India's proactive response to defend our power systems against such evolving threats. The establishment of CSIRT-Power comes at a crucial time as the power sector is undergoing a significant digital transformation

Existing sub-sectoral Computer Emergency Response Teams (CERTs) were found lacking in legal mandates, resources, and skilled personnel to effectively handle sophisticated cyber threats. CSIRT-Power aims to fill this gap. In alignment with the National Cyber Security Policy of 2013, the Ministry of Power in collaboration with CERT-In, launched this initiative as part of its 100-day action plan to establish a specialized incident response team equipped with state-of-the-art infrastructure and cyber security tools.

*Courtesy: The Economic Times*

കവിത

## ചിന്ത മുതൽ നിയതി വരെ



*Er എം. അനിൽ*
*ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (റിട്ട.)*

**ഹാ!** മലീമസ മാനസം മാനുഷാ
നിൻ മനസ്സിലരങ്ങേറും ചിന്തകൾ
ഓർക്കുക നിൻ ലോകത്തെ സാരമായി
പാർക്കിലോ അവ ബാധിക്കും നിർണ്ണയം.

ചിന്തകളാൽ പ്രചോദിതരായി നാം
ചന്തമോടേറെ ഒപ്പിക്കും വാക്കുകൾ
കൂട്ടിയല്ലോ മഹിതമാം സന്ദേശം
കൂട്ടത്തിൽ ചിരപരിചയ സമ്പത്തും.

ചേർത്തൂതി വിളക്കി നാം ഓതുന്നൂ
പേർത്തു കാണുക വാക്മയ സഞ്ചയം
വാഗീശ്വരീ കടാക്ഷ കരഗതം
വാഗരഹിതമനുഗ്രഹവർഷവും.

മേന്മേൽ ശ്രേയസ്സും പാത്രീഭവിക്കുന്നു
മേന്മയോടെ ചിരകാലം മേവുവാൻ
മേദിനിതൻ മടിത്തട്ടിൽ നിന്നൊരു
മോദകമാശു സംഭരിച്ചുണ്ണുവാൻ.

വാക്കുകൾ പല വിഗ്രഹങ്ങൾ നിത്യം
ഓർക്കിലോ അവ ശീലങ്ങളാകുന്നു
ശീലജന്യമായി സ്വഭാവം പകരുന്നൂ
സ്വം ഭാവമോ നിയതിയിലെത്തുന്നു.



Kollam Unit - Engineers' day celebration and District level Energy Quiz program

Energy quiz conducted at various Engineering Colleges



KSEB ENGINEERS' ASSOCIATION
Hydel Bullet Monthly

Price ₹ 10
Date of Publication 01.10.2024



Engineers' day celebration and unit meeting of Kasaragod unit



Engineers' day celebration and unit meeting of Muvattupuzha unit



Engineers' day celebration and unit meeting of Kottayam unit

Edited, Printed & Published by Er Rajesh D.S., Chief Editor, Hydel Bullet for and on behalf of KSEB Engineers' Association, Panavila, Trivandrum-01, Ph:0471-2330696, Email: hydelbulletin@gmail.com, Web: ksebea.in at Bhagath Printers, Pattom, Trivandrum - 4 , Mob : 8138 91 81 91, bhagathprinters@gmail.com

For private circulation only